402
VOL. 17 | ISSUE 14
Pages 12

# ഹാലേലൂയ്യ

15-31 AUGUST, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla on August 15 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

# കേരളം പ്രളയക്കെടുതിയിൽ

- നിരവധി ഹാളുകളിലും വെള്ളം കയറി
- ഉരുൾപൊട്ടലിൽ മരിച്ചവരിൽ വിശ്വാസി ബാലകനും






പാസ്റ്റർ കെ.സി.ജോൺ ശുശ്രൂഷിക്കുന്ന നെടുമ്പ്രം ഐ.പി.സി. ഗോസ്പൽ സെന്റർ

കേരളം മഴക്കെടുതിയിൽ നട്ടം തിരിയുന്നു. കഴിഞ്ഞ രണ്ടു മാസത്തോളമായി തുടർമാനമായി പെയ്യുന്ന കനത്ത മഴ കേരളത്തിലെ എല്ലാ ജില്ലകളിലും വെള്ളപ്പൊക്കക്കെടുതി ഉണ്ടാക്കിയിരിക്കുന്നു. കിഴക്കൻ ജില്ലയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും നിരവധി ജീവൻ അപഹരിച്ചു. നൂറുകണക്കിന് വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർന്നു. കൃഷി നിലങ്ങൾ പൂർണ്ണമായി ഒലിച്ചുപോയതു പോലെയുള്ള വൻനാശമാണ് ഇടുക്കി ജില്ലയിൽ ഉണ്ടാക്കിയത്.

പ്രളയക്കെടുതി പടിഞ്ഞാറൻ മേഖലകളെ പലതവണകളായി ദുരിതത്തിലാക്കി. പ്രത്യേകിച്ച് കുട്ടനാടൻ മേഖലയിൽ ആയിരക്കണക്കിന് വീടുകൾ വെള്ളം കയറി നശിച്ചു. ധാരാളം പെന്തെക്കോസ്ത് ആരാധനാലയങ്ങളും വിശ്വാസികളുമുള്ള ഈ മേഖലയിൽ പല സഭാഹോളുകളും വെള്ളം കയറിയ നിലയിലാണ്. നൂറുകണക്കിന് വിശ്വാസി കുടുംബങ്ങളും ദുരിതത്തിന്റെ തീവ്രത അനുഭവിക്കുകയാണ്.

അടിമാലി ചീയപ്പാറയിലുണ്ടായ ഉരുൾപൊട്ടലിൽ മരണമടഞ്ഞവരിൽ പെന്തെക്കോസ്ത് ബാലകനും ഉൾപ്പെടുന്നു. ജലപ്രളയക്കെടുതി നേരിടുന്ന ചില സഭകളുടെ ചിത്രങ്ങളും വിവരണങ്ങളും പേജ് 6ൽ ചേർക്കുന്നു.

*പാസ്റ്റർ മധു വി. എം*

## ചീയപ്പാറ ദുരന്തത്തിൽ മരണമടഞ്ഞ ജിതിൻ ജോസിന് യാത്രാമൊഴി



പാലക്കാട്: അടിമാലി ചീയപ്പാറയിൽ ആഗസ്റ്റ് 5-നുണ്ടായ ഉരുൾപൊട്ടലിൽ പാലക്കാട് എ.ജി.സഭാംഗവും, ബി.ഇ.എം.ഹയർ സെക്കണ്ടറി സ്കൂൾ ആറാം ക്ലാസ് വിദ്യാർത്ഥിയുമായിരുന്ന ജിതിൻ ജോസ് (11) മരണമടഞ്ഞു. കൽമണ്ഡപം തെക്കേക്കര കുടുംബാംഗമാണ്. വിവാഹത്തിൽ പങ്കെടുക്കുവാൻ കുടുംബാംഗങ്ങളോടൊപ്പം അടിമാലിയിലെത്തി മടങ്ങുമ്പോഴാണ് അപകടം സംഭവിച്ചത്. തലേ ദിവസം ഉരുൾപൊട്ടലുണ്ടായ സ്ഥലത്ത് വാഹനങ്ങൾ പോകത്തക്കനിലയിൽ മണ്ണ് നീക്കിക്കൊണ്ടിരിക്കയായിരുന്നതിനാൽ സഞ്ചരിച്ചിരുന്ന വാഹനം നിർത്തി പുറത്തിറങ്ങി നില്ക്കുകയായിരുന്നു ജിതിനും കുടുംബാംഗങ്ങളും. അപ്രതീക്ഷിതമായുണ്ടായ മണ്ണിടിച്ചിലിൽ എല്ലാവരും ഓടിമാറിയെങ്കിലും ജിതിന് രക്ഷപെടുവാൻ കഴിഞ്ഞില്ല.

ജിതിന്റെ പിതാവ് ജോസ് നിലമ്പൂർ സ്വദേശിയാണ്. ദുബായിൽ ജോലി ചെയ്യുകയായിരുന്നു. പ്രളയം മൂലം നെടുമ്പാശേരി എയർപോർട്ട് അടയ്ക്കുകയും വിമാനങ്ങൾ റദ്ദാക്കുകയും ചെയ്തതിനാൽ ജോസിന് മകന്റെ സംസ്ക്കാര ചടങ്ങിൽ പങ്കെടുക്കുവാൻ രണ്ടുദിവസം താമസിച്ചു മാത്രമാണ് നാട്ടിൽ എത്തിച്ചേരുവാൻ സാധിച്ചത്. ജോസിന്റെ ഭാര്യ പ്രീതി, ഇളയമകൻ സീയോൻ, അമ്മ എന്നിവർ കൂടെയുണ്ടായിരുന്നു. അവർ അത്ഭുതകരമായി രക്ഷപെട്ടു. സംസ്ക്കാരം ആഗസ്റ്റ് 7-ന് സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ.യു പീറ്ററിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർമാരായ കെ.കെ.മാത്യു, ജോം ജോസഫ്, ജോസഫ് ടി.സാം എന്നിവർ പ്രസംഗിച്ചു. ഈ കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കുക.

# മലയാളം ബൈബിൾ ഇൻറർനെറ്റിലെത്തിച്ചത് മുസ്ലിം യുവാവ്



നിഷാദ്




മലയാളം ബൈബിൾ ആദ്യമായി ഇൻറർനെറ്റിൽ ലഭ്യമാക്കിയ യുവാവിന്റെ അധ്വാനം ശ്രദ്ധേയമാകുന്നു. ജനനം കൊണ്ട് മുസ്ലിം ആയ തിരുവനന്തപുരം സ്വദേശിയായ നിഷാദ് ഹുസൈൻ കൈപ്പള്ളി എന്ന യുവാവാണ് നീണ്ട ഒൻപതു വർഷത്തെ അധ്വാനത്തിനൊടുവിൽ സമ്പൂർണ മലയാളം ബൈബിൾ ഇൻറർനെറ്റിൽ ലഭ്യമാക്കിയത്. മലയാളം ബൈബിൾ ആദ്യമായി ബ്രെയിലി ലിപിയിൽ ഒരുക്കിയതും താനാണെന്ന് നിഷാദ് കൈപ്പള്ളി. 1993ലായിരുന്നു ഇത്. ഇന്റർനെറ്റിലെ മലയാള ഭാഷ ഇത്രയൊന്നും വികസിച്ചിട്ടില്ലാത്ത ഒരു കാലത്താണ് ഇത്ര വലിയ ഉത്തരവാദിത്തം നിഷാദ് ഏറ്റെടുത്തത് എന്നതാണ് അദ്ദേഹത്തെ വ്യത്യസ്ഥനാക്കുന്നത്. 1993ൽ ആയിരുന്നു ഇത്. വർഷങ്ങൾ നീണ്ട കഠിനാധ്വാനത്തിനൊടുവിൽ ബൈബിൾ ടൈപ്പിങ് പൂർത്തിയാക്കി. പിന്നീടത് യുണിക്കോഡിലേയ്ക്ക് മാറ്റുകയായിരുന്നു. വിശ്വാസപരമായ താൽപര്യങ്ങളെ പരിഗണിക്കാതെ മലയാളഭാഷയുടെ ഇൻറർനെറ്റിലെ വികാസത്തെ മുൻനിർത്തിയായിരുന്നു തന്റെ ഉദ്യമമെന്ന് നിഷാദ് വ്യക്തമാക്കുന്നു. അക്ഷരങ്ങളെ മത കാഴ്ചപ്പാടുകൾക്കതീതമായി കാണുന്നതിലാണ് നിഷാദിന് താൽപര്യം. താനൊരു മതത്തിലും വിശ്വസിക്കുന്നയാളല്ലെന്ന് നിഷാദ് പറയുന്നു.

1991ൽ വിൻഡോസ് 3.1ൽ പ്രവർത്തിക്കുന്ന മലയാളം ട്രൂടൈപ്പ് ഫോണ്ടുകൾ ഒരുക്കിയാണ് ഭാഷയ്ക്കു വേണ്ടിയുള്ള നിഷാദിന്റെ നിതാന്ത പരിശ്രമത്തിന് തുടക്കം കുറിക്കുന്നത്.

***ഇന്റർനെറ്റ് മലയാളം ബൈബിളിന്റെ കഥ വിശദമായി 3-ാ പേജിൽ***

# പെന്തെക്കോസ്ത് വിശ്വാസങ്ങൾക്കെതിരെ കുപ്രചരണവുമായി കർമ്മേൽ അപ്പൊളജറ്റിക്സ്

**തോമസ് മുല്ലക്കൽ**




പെന്തെക്കോസ്ത് വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ ലക്ഷ്യമിട്ട് തെറ്റിദ്ധാരണ പരത്തുന്ന ലേഖനങ്ങളുമായി കർമ്മേൽ അപ്പോളജറ്റിക്സ് രംഗത്ത്.

ഓർത്തഡോക്സ് സഭയുടെ വിശ്വാസ സംരക്ഷകർ എന്നവകാശപ്പെടുന്ന www.carmelapologetics.org ലൂടെയാണ് പെന്തെക്കോസ്തുകാരെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്നത്. "രക്ഷിക്കപ്പെട്ടോ?" എന്ന ചോദ്യവുമായി സമീപിക്കുന്നവരെ ഓർത്തഡോക്സ് വിശ്വാസികളാക്കി മാറ്റണമെന്നും പ്രസ്തുത സൈറ്റിൽ നിർദ്ദേശിക്കുന്നുണ്ട്.

യഹോവ സാക്ഷികൾ, ശാബതുകാർ എന്നീ ക്രിസ്തീയ ദുരുപദേശ സഭകളുടെ കൂട്ടത്തിലാണ് പെന്തെക്കോസ്ത് സഭക്കും ഇടം നൽകിയിരിക്കുന്നത്. "പെന്തെക്കോസ്ത് സ്നാനത്തിലെ ഞെട്ടിപ്പിക്കുന്ന ചില യാഥാർത്ഥ്യങ്ങൾ" എന്ന പേരിൽ കൊടുത്തിരിക്കുന്ന ലേഖനമനുസരിച്ച് പെന്തെക്കോസ്ത് സ്നാനം ശാപത്തിന് കാരണമാകുമെന്നാണ് പറഞ്ഞു വച്ചിരിക്കുന്നത്! ഒന്നു രണ്ട് പാസ്റ്റർമാർ സ്നാനപ്പെടുത്തുന്നതിന്റെ ഫോട്ടോ സൈറ്റിൽ കൊടുത്തിട്ടുണ്ട്. അതിൽ അവർ ഇടതുകൈ കൊണ്ടാണ് സ്നാനപ്പെടുത്തുന്നത്. ബൈബിളിൽ ഇടതുഭാഗം ശാപത്തിന്റേതാണെന്ന് സ്ഥാപിക്കുവാൻ ദുർബ്ബലമായ ചില വാക്യങ്ങൾ ഉദ്ധരിച്ചിട്ട്, പെന്തെക്കോസ്തുകാർ ഇടതുകൈ കൊണ്ട് സ്നാനപ്പെടുത്തുന്നതുകൊണ്ട് ശാപത്തിന് കാരണമെന്നും സമർത്ഥിക്കുന്നു. സ്നാനപ്പെടുത്തുമ്പോൾ സ്നാനം സ്വീകരിക്കുന്ന വ്യക്തിയെ പുറകോട്ട് മറിക്കുന്നതുകൊണ്ട് അതും ശാപമാണെന്ന് പറയുന്നു. "ഏലി പുരോഹിതൻ പുറകോട്ട് വീണു കഴുത്തൊടിഞ്ഞു ചത്തു" തുടങ്ങിയ വാക്യങ്ങളെടുത്താണ് അത് സമർത്ഥിക്കുന്നത്. ഏറ്റവും രസകരമായ വാദം സ്നാനപ്പെടുമ്പോൾ പെന്തെക്കോസ്തുകാർ യേശുവിനെ വീണ്ടും ക്രൂശിക്കുകയാണെന്നതാണ്. റോമർ 6:3-10 വാക്യമാണ് തെറ്റിദ്ധരിച്ച് പറഞ്ഞിരിക്കുന്നത്.

"പെന്തെക്കോസ്ത് മതം അപ്പൊസ്തലിക സഭകളിൽ നിന്നും കൈക്കൊണ്ട പാരമ്പര്യങ്ങൾ" എന്ന ലേഖനം വായിച്ചാൽ ദൈവവചനം ബോദ്ധ്യമുള്ളവർക്ക് പൊട്ടിച്ചിരിക്കണോ അതോ പൊട്ടിക്കരയണോ എന്ന അവസ്ഥയാണുണ്ടാകുക. ഉദാഹരണത്തിന് ചില പാരമ്പര്യങ്ങൾ ശ്രദ്ധിക്കുക, ഒന്ന്, ബൈബിൾ (ഓർത്തഡോക്സുകാരുടെ മാത്രം കുടുംബവകയാണല്ലോ ബൈബിൾ!) രണ്ട്, 'ഫാ:' യ്ക്ക് പകരം "പാ" (ഫാദറിന് പകരം 'പാസ്റ്റർ' എന്നർത്ഥം) ഓർഡിനേഷൻ, കർതൃമേശ, റവറണ്ട്, വാർഷിക കൺവൻഷൻ, സഭാ ഹാൾ പ്രതിഷ്ഠിക്കുക തുടങ്ങിയവ പിറകേയുണ്ട്.

വെബ്സൈറ്റിൽ പൊതുവേയുള്ള ലേഖനങ്ങൾ പരിശോധിച്ചാൽ പെന്തെക്കോസ്ത് വിശ്വാസങ്ങൾക്കെതിരെയുള്ള ദുർബ്ബലമായ ആക്രമണമാണെന്ന് തിരിച്ചറിയുവാൻ പ്രയാസമില്ല. എന്തുകൊണ്ട് പെന്തെക്കോസ്തർ? എന്ന ചോദ്യത്തിന് ഉത്തരമൊന്നേയുള്ളു. വിശ്വാസികൾ പെന്തെക്കോസ്തിലേക്ക് ഒഴുകുന്നത് തന്നെ കാരണം.

# തേനീച്ചയുടെ കുത്തേറ്റ മമ്മിയും രക്ഷിക്കപ്പെട്ട മകനും!

ഒരു യൂത്ത് ക്യാമ്പ്. ധാരാളം കോളജ് വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തിരുന്നു. ആത്മരക്ഷയും ആത്മാക്കളുടെ പങ്കും എന്നതായിരുന്നു ചിന്താവിഷയം. തീം അവതരിപ്പിച്ചവരിൽ ഒരാൾ യൗവ്വനക്കാരെ അസാധാരണമായ നിലയിൽ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ വിഷായാവതരണം അത്രമാത്രം ഹൃദ്യമായിരുന്നു. അവസാനം, ചോദ്യോത്തരവേളയായി. അതിനിടയിൽ, അദ്ദേഹം അവിടെ വളരെ ഉത്സാഹിയായി കണ്ട മാർട്ടിൻ എന്ന ഒരു യൗവ്വനക്കാരനോടു അവൻ രക്ഷിക്കപ്പെട്ടത് എപ്പോളാണെന്ന് ചോദിച്ചു. മാർട്ടിൻഎഴുന്നേറ്റിട്ട്,തീയതി ഓർക്കുവാനെന്നപോലെ, അല്പനേരം തല ചൊറിഞ്ഞു നിന്നു. ആളുകൾ തന്നെ ശ്രദ്ധിക്കുന്നുവെന്ന് മനസ്സിലായപ്പോൾ ധൃതിയിൽ അവൻ ഉത്തരം നൽകി: രക്ഷിക്കപ്പെട്ട തീയതി എനിക്ക് ഇപ്പോൾ ഓർമ്മയില്ല. പക്ഷേ, എന്റെ മമ്മിയെ തേനീച്ച കുത്തിയ ദിവസമാണെന്നതിൽ സംശയമില്ല!

മാർട്ടിന്റെ ഉത്തരം കേട്ട് കൂട്ടുകാരെല്ലാം ചിരിച്ചപ്പോൾ വിഷയാവതാരകനും ചിരിക്കാതിരിക്കാനായില്ല. പക്ഷേ, ആ ചിരിതരംഗം മാർട്ടിനെ ഒട്ടും ജാള്യനാക്കിയില്ല. മാത്രമല്ല, അവൻ സ്റ്റേജിലേക്കു തന്റേടത്തോടെ ചെന്ന് പ്രസംഗകനോട് താൻ രക്ഷിക്കപ്പെട്ട സന്ദർഭം വ്യക്തമാക്കാൻ പത്തുമിനിറ്റു തരണമെന്ന് അഭ്യർത്ഥിച്ചു. വളരെ സന്തോഷത്തോടെ ആ പ്രസംഗകൻ മാർട്ടിന് മൈക്ക് കൈമാറി.

മാർട്ടിൻ തന്റെ സാക്ഷ്യം തുടങ്ങി: കൂട്ടുകാരേ, എന്റെ മമ്മിയെ തേനീച്ച കുത്തിയ ദിവസമാണ് ഞാൻ രക്ഷിക്കപ്പെട്ടതെന്ന് പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും ചിരിച്ചല്ലോ? എനിക്കതിൽ പരിഭവമില്ല. നിങ്ങളോട് ഞാൻ എന്റെ കഥ പറയാം. അപ്പോൾ ഞാൻ പറഞ്ഞതിന്റെ കാര്യം നിങ്ങൾക്ക് മനസ്സിലാകും. മാർട്ടിൻ തുടർന്നു: ഞാൻ എട്ടാം ക്ലാസിൽ പഠിക്കുന്ന കാലം. ഒരു ശനിയാഴ്ച ദിവസം വൈകുന്നേരം ഞാനും മമ്മിയും ഞങ്ങളുടെ ഗാർഡനിൽ ചെടികളെ പരിചരിക്കുകയായിരുന്നു. അപ്പോളാണ് ഒരു തേനീച്ച എന്റെ നേരേ മൂളിപ്പാട്ടുമായി പറന്നുവന്നത്. എനിക്കാണെങ്കിൽ തേനീച്ചയെ വലിയപേടിയായിരുന്നു. പെട്ടെന്ന് ഞാൻ മമ്മിയുടെ പിറകിൽ ഒളിച്ചു. പക്ഷേ, പറന്നുവന്ന തേനീച്ച അപ്പോഴേക്കും മമ്മിയുടെ കൈത്തണ്ടയിൽ കുത്തേൽപ്പിച്ചു കഴിഞ്ഞു. കൈത്തണ്ടയിൽ തറഞ്ഞ തേനീച്ചയുടെ വിഷമുള്ള് വേദനസഹിച്ചുകൊണ്ട് മമ്മി വലിച്ചൂരുമ്പോൾ ആ തേനീച്ച എന്റെ നേരേ വീണ്ടും പറന്നടുത്തു. പേടിച്ചരണ്ട എന്നെ നോക്കി മമ്മി പറഞ്ഞു: മോൻ ഇനിയും ആ തേനീച്ചയെ ഒട്ടും പേടിക്കേണ്ട. ആകെയുണ്ടായിരുന്ന ഒരു വിഷമുള്ള് അത് എന്റെ കൈയ്യിൽ തറപ്പിച്ചുകഴിഞ്ഞു. ഇനിയും അതിന് നിന്നെയെന്നല്ല ഒരുത്തരെയും കുത്തിനോവിക്കാനാവില്ല.

തേനീച്ചയുടെ കുത്തിൽ നിന്നും എന്നെ രക്ഷിക്കുവാൻ എന്റെ മമ്മി കുത്തേറ്റ് വേദനപ്പെട്ടതിൽ എനിക്കുണ്ടായ സങ്കടം അല്പ്പമൊന്നുമല്ല. എന്റെ സങ്കടം കണ്ടിട്ട് മമ്മി എന്റെ തോളിൽ കൈയ്യിട്ട് എന്നെ സിറ്റൗട്ടിൽ കൊണ്ടിരുത്തിയിട്ട് എന്നോട് അന്ന് ആദ്യമായി സുവിശേഷം പറഞ്ഞു: മോനേ, ഇതുപോലെ പിശാചിന്റെ കൈയ്യിലും ഒരു വിഷമുള്ളുണ്ടായിരുന്നു. ആ മുള്ളിന്റെ പേരാണ് മരണം. പാപംചെയ്ത മനുഷ്യവർഗ്ഗത്തെ മരണം എന്ന വിഷമുള്ളു കാട്ടി ഭയപ്പെടുത്തുകയായിരുന്നു പിശാചിന്റെ വിനോദം. എന്നാൽ, മനുഷ്യനെ പാപ

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം - കടുത്തുരുത്തി**



ത്തിൽ നിന്നും അതിന്റെ ഫലമായ നിത്യമരണത്തിൽ നിന്നും രക്ഷിക്കുവാനായി ഈ ലോകത്തിലേക്കു വന്ന യേശുക്രിസതു മനുഷ്യന്റെ പാപം തന്റെമേൽ ഏറ്റെടുത്തു. പാപം അറിയാത്തവനും, പാപത്താൽ പരീക്ഷിക്കപ്പെടാത്തവനും, പാപം ചെയ്യാത്തവനുമായ പരിശുദ്ധ ദൈവപുത്രൻ നമ്മുടെ പാപം ഏറ്റെടുത്തപ്പോൾ മരണത്തിന്റെ വിഷമുള്ളും അവിടുത്തെ ശരീരത്തിൽ തറയ്ക്കുവാൻ അനുവദിക്കുകയായിരുന്നു. എന്നാൽ, യേശുക്രിസ്തു പരിശുദ്ധനായ ദൈവപുത്രനാകയാൽ മരണത്തിന് അവിടുത്തെ പിടിച്ചുവയ്ക്കുവാനാവുമായിരുന്നില്ല. അങ്ങനെ, യേശുക്രിസ്തു മൂന്നാം നാൾ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു.

മമ്മി തുടർന്നു: തേനീച്ചയുടെ കുത്തേൽക്കാതിരിക്കാൻ മോൻ എന്റെ മറവിൽ അഭയം പ്രാപിച്ചതുപോലെ, നിത്യമരണത്തിൽ നിന്നും രക്ഷപ്രാപിക്കുവാൻ ക്രൂശിതനായ ക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവരെ പിശാചിന് തൊടുവാനാവില്ല. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് എന്ന പ്രഖ്യാപിച്ച ദൈവം, യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക്, പാപത്തിന്റെ ശിക്ഷയായ മരണത്തിൽ നിന്നുമുള്ള സമ്പൂർണ്ണ രക്ഷയാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്റെ മമ്മി അന്നുപറഞ്ഞുതന്ന സുവിശേഷ സത്യങ്ങൾ എനിക്കു നന്നായി മനസ്സിലായി. അങ്ങനെ, എന്റെ പാപങ്ങൾക്കുപകരമായി മരിച്ച് എന്റെ നീതീകരണാർത്ഥം ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ ഞാൻ എന്റെ രക്ഷകനും കർത്താവുമായി വിശ്വസിച്ച് അംഗീകരിച്ചു. സുഹൃത്തുക്കളേ, ഇനിയും നിങ്ങൾ പറയൂ, എന്റെ മമ്മിയെ തേനീച്ച കുത്തിയ ദിവസമാണ് ഞാൻ രക്ഷിക്കപ്പെട്ടതെന്ന് പറഞ്ഞതിൽ വല്ല തെറ്റുമുണ്ടോ?

മിനിറ്റുകൾക്കു മുമ്പേ കളിയാക്കി ചിരിച്ച കൂട്ടുകാർ കരഘോഷത്തോടെ മാർട്ടിന്റെ അനുഭവത്തെ അഭിനന്ദിച്ചു! ഇത്രയും ആയപ്പോൾ, പ്രസംഗകനും ആവേശമായി. അദ്ദേഹം മാർട്ടിനെ ആലിംഗനം ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തി. സഹോദരന്മാരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല, ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു. ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കണം. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്ന് എഴുതിയ വചനം നിവൃത്തിയാകും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള് പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം. (1 കൊരി. 15:50-57)

## കണ്ണൂർ ടൗണിൽ ആരാധന ആരംഭിച്ചു

**കണ്ണൂർ:** ഐപിസികണ്ണൂർ നോർത്ത് സെന്ററിന്റെ നേതൃത്വത്തിൽ കണ്ണൂർ ടൗണിൽ ആരാധന ആരംഭിച്ചു. ഇവിടെ സുവി.ഐസക് വി.ജെ. കുടുംബമായി പ്രവർത്തിക്കുന്നു. ഫോൺ: 9846793792.

## യേശു എൻ അഭയം




ഡോ.പി.കെ.സാം മല്ലശ്ശേരിയുടെ തൂലികയിൽ നിന്നും പുറത്തു വന്ന ഏറ്റവും പുതിയ 15 ഗാനങ്ങളാണ് 'യേശു എൻ അഭയം' എന്ന ഈ ആൽബത്തിലുള്ളത്. ജീവിതത്തിന്റെ നൈമിഷികതയും നശ്വരതയേയും ഓർപ്പിക്കുന്ന ഗാനങ്ങളിലൂടെ അവാച്യമായ ആശ്വാസവും പ്രത്യാശയും അനുവാചകരിൽ പകരുന്നു. നിസ്തുല്യമായ ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠതയെ വർണ്ണിക്കുന്ന കർതൃദാസൻ യേശു എന്ന അഭയസ്ഥാനത്തേക്ക് നമ്മെ കൈപിടിച്ചു നടത്തുന്നു ഈ അനുഗ്രഹീത ഗാനങ്ങളിലൂടെ.

## പി.എച്ച്.ഡി. ലഭിച്ചു



**ജെയ്പൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ പാസ്റ്റർ ബ്ലെസ്സൻ എം.ജോണിന്റെ ഭാര്യ പ്രിസില്ല ബ്ലെസ്സന് രാജസ്ഥാനിലെ ജെയ് നാരായൺ വ്യാസ് യുണിവേഴ്സിറ്റിയിൽ നിന്ന് സ്ത്രീകളിൽ ഗർഭധാരണത്തിന് മുമ്പുള്ള അമിതവണ്ണവും അതിന്റെ മാനസീകവും ശാരീരികവുമായ പരിണിതഫലങ്ങളും എന്ന ഗവേഷണത്തിൽ പി.എച്ച്.ഡി. ലഭിച്ചു.

പരേതനായ പാസ്റ്റർ പി.എ.സ്കറിയ (ജോഡ്പുർ), അന്നമ്മ ദമ്പതികളുടെ മകളാണ്. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ചപ്പാത്ത് ഡി.പി.പാസ്റ്റർ എം.എ. ജോണിക്കുട്ടിയുടെ മരുമകളാണ്. മകൻ ജോഷ്വ. ഇപ്പോൾ വേൾഡ് വിഷനിൽ ന്യൂട്രീഷണൽ സ്പെഷ്യലിസ്റ്റായ് സേവനമനുഷ്ഠിക്കുന്നു.

## മുഴുരാത്രി പ്രാർത്ഥന

**കൊട്ടാരക്കര:** വേൾഡ് പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ പുലമൺ കേരളാ തിയോളജിക്കൽ സെമിനാരിയിൽ എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ചകളിൽ മുഴുരാത്രി പ്രാർത്ഥന നടക്കുന്നു.

## ഒപിഎ. മസ്ക്കറ്റ് കുടുംബ സംഗമം



**തിരുവല്ല:** ജൂലൈ 20-ന് തിരുവല്ല ശാരോൺ ഓഡിറ്റോറിയത്തിൽ ഒ.പി.എ.കുടുംബ സംഗമം നടന്നു. മുൻ പ്രസിഡന്റ് പാസ്റ്റർ റ്റി.വി.പൗലോസിന്റെ അദ്ധ്യക്ഷതയിൽ ശാരോൺ ഫെലോഷിപ്പ് ജനറൽ സെക്രട്ടറി പാസ്റ്റർ പി.എം.ജോൺ പ്രസംഗിച്ചു. സെക്രട്ടറി ബ്രദ.എം.ജി.വർഗീസ് പ്രസ്താവന നടത്തി. പാസ്റ്റർ ജോസഫ് കെ. മാത്യു, പാസ്റ്റർ ജോസഫ് പി.ഏബ്രഹാം എന്നിവർ പ്രെയ്സ് & വർഷിപ്പിന് നേതൃത്വം നൽകി.

ഒ.പി.എയുടെ മുൻകാല ശുശ്രൂഷകന്മാരായിരുന്ന പാസ്റ്റർ ബാബു ശാമുവേൽ, പാസ്റ്റർ ജോർജ്ജുകുട്ടി, പാസ്റ്റർ ജേക്കബ് പി.ഏബ്രഹാം, പാസ്റ്റർ ജോസഫ് കെമാത്യു, പാസ്റ്റർ ജോൺസ് മാത്യു, പാസ്റ്റർ അലക്സ് ജോൺ, മുൻ അംഗം സിസ്റ്റർ സ്റ്റാർലാ ലൂക്ക്, മുൻ സെക്രട്ടറിയും, ഒ.പി.എ. സെസ്സ് പ്രസിഡന്റുമായ ജോർജ്ജ് കെ.സാമുവേൽ, കൗൺസിലംഗം എം.ജി.മാത്തുണ്ണി തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

അടുത്ത സംഗമത്തിന്റെ ചെയർമാനായി പാസ്റ്റർ വൈ.ജോർജ്ജുകുട്ടിയേയും, കോർഡിനേറ്ററായി തോമസ് മാത്യുവിനേയും തിരഞ്ഞെടുത്തു. അടുത്ത സംഗമം 2014 ജൂലൈ 19-ന് നടക്കും.

## എടത്വായിൽ ബൈബിൾ കോളജ്

എടത്വാ: എല്ലാ ആഴ്ചയിലും തിങ്കൾ-ബുധൻ വരെ വൈകിട്ട് 4-6 വരെ ബൈബിൾ ക്ലാസുകൾ നടന്നു വരുന്നു. 4-ാമത് ബാച്ച് ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നു. ഏതു പ്രായക്കാർക്കും പഠിക്കുവാൻ അവസരം. പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസുകൾ നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ദയവായി ബന്ധപ്പെടുക പാസ്റ്റർ മധു 9947830469, പാസ്റ്റർ അജു 9995322533

## റീമാ പുസ്തകമേള

തിരുവല്ല: റീമാ പബ്ലിഷേഴ്സിന്റെ 15-ാം വാർഷിക ബൈബിൾ പുസ്തകമേള സെപ്തംബർ 2-ന് പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും. ഡയറക്ടർ സി.പി.മോനായിയുടെ അദ്ധ്യക്ഷതയിൽ പ്രൊഫ. പി.ജെ.കുര്യൻ മാർത്തോമ്മ സഭാ ട്രസ്റ്റി അഡ്വ.വർഗീസ് മാമ്മന് ആദ്യ വില്പന നൽകി ഉദ്ഘാടനം ചെയ്യും. പുതിയ മൂന്ന് പുസ്തകങ്ങളുടെ പ്രകാശനം നിർവ്വഹിക്കും. വാർഷിക സമ്മേളനം സെപ്തംബർ 30-ന് തിരുവല്ല വൈ.സി.എ.ഹാളിൽ നടക്കും. പുസ്തകങ്ങൾക്ക് 50% വരെ ഡിസ്കൗണ്ട് ലഭിക്കും. റീമാ പബ്ലീഷേഴ്സിന്റെ 200-ലധികം ഗ്രന്ഥങ്ങൾക്കും ഡിസ്കൗണ്ട് ലഭിക്കും. ഫോൺ: 9495614414

## തിരഞ്ഞെടുത്തു



**കുണ്ടറ:** കുണ്ടറ ഐ. പി. സി. സെന്റർ സെക്രട്ടറിയായി പാസ്റ്റർ പൊന്നച്ചൻ ഏബ്രഹാം നിയമിതനായി. ഇപ്പോൾ കണ്ണംകുളം ഐ.പി.സി.ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. ഫോൺ: 9605701435

## പവ്വർ മീറ്റിംഗ്

**വട്ടപ്പാറ:** വേറ്റിനാട് പെട്രോൾ പമ്പിന് സമീപം ഹോളി പെന്തെക്കോസ്ത് മിഷൻ ഹാളിൽ ആഗസ്റ്റ് 13-15 വരെ പവർ മീറ്റിംഗ് നടന്നു. പാസ്റ്റർ കെ.എ.തോമസ് പ്രസംഗിച്ചു. പാസ്റ്റർ ഡി.മണിക്കുട്ടൻ നേതൃത്വം നൽകി.

ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)
പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ

പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

PRAYER CELL
പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.
Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ



**കഴിഞ്ഞ ലക്കം വായിക്കാത്തവർക്ക് വേണ്ടി**

മലയാള മനോരമ അവരുടെ 125-ാം വാർഷികത്തോടനുബന്ധിച്ച് ഒരു ശതോത്തര പതിപ്പ് പ്രസിദ്ധീകരിച്ചു. അതിൽ ഡി.ബാബു പോൾ കേരളം കാണിച്ച 10 മണ്ടത്തരങ്ങൾ അക്കമിട്ട് നിരത്തിയിട്ടുണ്ട്. ആ കുറിപ്പ് വായിച്ചതിന്റെ പ്രചോദനത്തിൽ മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ കണ്ടെത്തുവാൻ ഞാനൊരു ശ്രമം നടത്തി. അതിൽ ആദ്യ മൂന്നെണ്ണം കഴിഞ്ഞ ലക്കത്തിൽ അവതരിപ്പിച്ചിരുന്നു. ഇനി തുടർന്ന് വായിക്കുക.

**ഒരു** ക്ഷമാപണത്തോടെ തുടങ്ങട്ടെ, കഴിഞ്ഞ ലക്കത്തിൽ ‘ബാലൻ ഇല്ലാത്ത കാലം’ എന്ന പേരിൽ എഴുതിയ കുറിപ്പിൽ സാജു മാത്യുവിന്റെ പേര് പരാമർശിച്ചിരുന്നു. അദ്ദേഹത്തിന്റെ ബൈബിൾ സ്റ്റഡിയും മറ്റും ഡിഫൻഡർ സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് ടി.എസ്. ബാലനുമായി അടുപ്പമുണ്ടായിരുന്നു എന്ന നിലയിൽ ഞാൻ പരാമർശിച്ചത്. എന്നാൽ എന്റെ ധാരണ തെറ്റാണെന്ന് പിന്നീട് മനസ്സിലായി ക്ഷമാപണത്തോടെ ഖേദം പ്രകടിപ്പിക്കുന്നു. മലയാളി പെന്തെക്കോസ്തിന് സംഭവിച്ച 10 മണ്ടത്തരങ്ങൾ എന്ന പേരിൽ എഴുതിക്കൊണ്ടിരുന്ന ആർട്ടിക്കിളിന്റെ രണ്ടാം ഭാഗം ഇവിടെ പ്രസിദ്ധീകരിക്കുന്നു.

**4. ഫാമിലി പ്ലാനിംഗിനെ അനുകൂലിച്ചത്**

‘നാം രണ്ട് നമുക്ക് രണ്ട് എന്നായിരുന്നു’ ഇന്ത്യാ ഗവൺമെന്റ് ജനസംഖ്യാ നിയന്ത്രണത്തിനായി അവതരിപ്പിച്ച മുദ്രാവാക്യം. ഭാരതത്തിന്റെ വികസനത്തിന് ഭീമമായ ജനസംഖ്യാ വർദ്ധനവ് മുഖ്യതടസ്സമാണെന്നാണ് ആദ്യകാല സാമ്പത്തിക ശാസ്ത്രജ്ഞർ കരുതിയിരുന്നത്. ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് മകൻ സഞ്ജയ് ഗാന്ധിയുടെ നേതൃത്വത്തിൽ ഭാരതത്തിന്റെ ‘ശാപമായ’ ജനസംഖ്യാ വർദ്ധവിന് അറുതി വരുത്താൻ നടത്തിയ പരിശ്രമങ്ങൾ എത്ര ഭീകരമായിരുന്നുവെന്ന് പഴയകാല ചരിത്രം അറിയാവുന്നവർ ഓർക്കുന്നുണ്ടാവും. വലിയ നിർബ്ബന്ധവും പ്രലോഭനവുമൊക്കെ പ്രയോഗിച്ചാണ് രാജ്യത്ത് ജനസംഖ്യാ നിയന്ത്രണം നടപ്പിലാക്കാൻ ശ്രമിച്ചത്.

മറ്റു പല കാര്യങ്ങളിലും എന്നതുപോലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ വ്യത്യസ്തമായാണ് ജനസംഖ്യാ നിയന്ത്രണ പദ്ധതികളോട് കേരളം പ്രതികരിച്ചത്. കേരളത്തിലെ ഹൈന്ദവ-ക്രൈസ്തവ സമൂഹം ഇന്ത്യാ ഗവൺമെന്റ് പറഞ്ഞതിനേക്കാൾ വേഗത്തിൽ ജനസംഖ്യാ നിയന്ത്രണം നടപ്പിലാക്കി. മുസ്ലീങ്ങൾ മാത്രം മതപരമായ വിലക്കുകളുമായി കൃത്രിമ ജനനനിയന്ത്രണ മാർഗ്ഗങ്ങളോട് എതിർത്തു നിന്നു. അതിന്റെ പരിണിതഫലം ഇന്ന് കേരളം അനുഭവിക്കുകയാണ്. കേരളത്തിലെ നിയമസഭാ മണ്ഡല പുനർനിർണ്ണയം വന്നപ്പോൾ പത്തനംതിട്ട പോലുള്ള ജില്ലകൾക്ക് ഭീമമായ നഷ്ടം ഉണ്ടായപ്പോൾ മലപ്പുറം ജില്ലയിൽ മണ്ഡലങ്ങളുടെ എണ്ണം വർദ്ധിച്ചത് അതുവഴി മുസ്ലീം ലീഗ് നേട്ടമുണ്ടാക്കിയതും നാം കണ്ടുകഴിഞ്ഞു. അതായത് കേന്ദ്രഗവൺമെന്റിന്റെ ഒരു നയത്തെ അംഗീകരിച്ചവർക്ക് ശിക്ഷയും അതിനോട് എതിർത്തു നിന്നവർക്ക് പൂമാലയും എന്ന അവസ്ഥ.

ഇന്ന് ഇന്ത്യ ലോകത്തിലെ വൻശക്തികളിൽ ഒന്നായി വളർച്ച പ്രാപിക്കുന്നു. ലോകം മുഴുവൻ റിസഷന്റെ പിടിയിലായപ്പോഴും ഭാരതം പിടിച്ചുനിന്നു. ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും ഇന്ത്യയുടെ മനുഷ്യവിഭവ ശേഷിയിലേക്കാണ്. ഇന്ത്യയുടെ കരുത്ത് വൻ ജനസംഖ്യയാണെന്ന് ലോകവും ഇന്ത്യയും സാമ്പത്തിക ശാസ്ത്രജ്ഞരും തിരിച്ചറിഞ്ഞിരിക്കുന്നു. എന്റെ ചിന്തയിൽ ഭാരതത്തിന്റെ ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണം വിഭവങ്ങളുടെ വിതരണത്തിലുള്ള ആസൂത്രണമില്ലായ്മയും അസമത്വവുമാണ്.

മലയാളി പെന്തെക്കോസ്തിന്റെ മണ്ടത്തരങ്ങളാണല്ലോ നമ്മുടെ വിഷയം. എന്റെ കണ്ടെത്തലിൽ നാലാം സ്ഥാനം നാം കുടുംബാസൂത്രണത്തെ അനുകൂലിച്ചതാണ്. ഗവൺമെന്റ് ആഗ്രഹിച്ചതിനേക്കാൾ വേഗം നാമത് വിജയകരമായി നടപ്പിലാക്കി. നമ്മുടെ പാസ്റ്റർമാരും നേതാക്കളും വിവാഹശുശ്രൂഷകളിൽ പ്രസംഗിക്കുമ്പോൾ കുടുംബാസൂത്രണത്തിന് അനുകൂലമായി പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്ത് അടിസ്ഥാനത്തിലാണ് നാം കൃത്രിമ ഗർഭനിരോധന മാർഗ്ഗങ്ങളെ അംഗീകരിച്ചത്? ദൈവവചനം അതിന് അനുമതി നൽകുന്നുണ്ടോ? മക്കൾ ദൈവദാനമാണെന്നും ഉദരഫലം ദൈവികപ്രതിഫലം ആണെന്നും പ്രസംഗിക്കുകയും അതേ നാവുകൊണ്ട് മക്കൾ രണ്ടു മതിയെന്ന് ഉപദേശിക്കുകയും ചെയ്ത നമ്മുടെ പ്രായോഗിക ബുദ്ധി അത്ഭുതകരമാണ്.

രണ്ടു മക്കളിൽ കൂടുതലുള്ള എത്ര പെന്തെക്കോസ്തു കുടുംബങ്ങളുണ്ട്? ഡെമോഗ്രാഫിയിൽ പഠനം നടത്തുന്നവരുടെ നിഗമനമനുസരിച്ച് ഒരു ജനവിഭാഗത്തിന്റെ ജീവശാസ്ത്രപരമായ വളർച്ചാ നിരക്ക് രണ്ടു ശതമാനത്തിൽ താഴേക്ക് പോയാൽ ആ സമൂഹം കാലക്രമേണ ഇല്ലാതെയാകുമെന്നാണ്.

മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ ബയോളജിക്കൽ ഗ്രോത്ത് റേയ്റ്റ് ഒരു ശതമാനത്തിലും താഴെയാണെന്ന് ഭീതിയോടെ തിരിച്ചറിയുക. ഈ പോക്കു പോയാൽ മലയാളി പെന്തെക്കോസ്ത് സമൂഹം അടുത്തയൊരു നൂറ്റാണ്ട് കഴിയുമ്പോൾ എവിടെയെത്തുമെന്ന് ചിന്തിക്കുക. നാം രണ്ട് നമുക്ക് രണ്ട് എന്നത് മാറിയിട്ട് “നാം ഒന്ന് നമുക്ക് ഒന്ന്” എന്നതിലേക്കാണ് ഇപ്പോൾ കാര്യങ്ങൾ എത്തിനില്ക്കുന്നത്.

ഈ അടുത്തയിടെ ദ പെന്തെക്കോസ്തു സഭയിലെ ഒരു സീനിയർ സെന്റർ പാസ്റ്ററോട് സംസാരിച്ചപ്പോൾ അവർ നേരിടുന്ന വലിയൊരു പ്രതിസന്ധി അദ്ദേഹം വെളിപ്പെടുത്തി. ടിപിഎമ്മിലെ പാസ്റ്റർമാരാകുവാൻ ഇപ്പോൾ വളരെക്കുറച്ച് മലയാളികളേ മുമ്പോട്ട് വരുന്നുള്ളു. കേരളത്തിലെ ടിപിഎംസഭകൾക്ക് പാസ്റ്റർമാരെ തികയുന്നില്ല. പല സഭകളിലും തമിഴ് പാസ്റ്റർമാരെ നിയമിക്കേണ്ടി വരുന്നു.

നമ്മുടെ പല ബൈബിൾ കോളജുകൾ ഈ അടുത്ത കാലത്ത് നിർത്തിപ്പോയി. വിദ്യാർത്ഥികളെ കിട്ടാത്തതിനാലാണ് ഈ സ്ഥാപനങ്ങൾ പൂട്ടേണ്ടി വന്നത്. പല ബൈബിൾ കോളജുകളിലും ഉത്തരേന്ത്യയിൽ നിന്നും ഈസ്റ്റ് ഇന്ത്യയിലും നിന്നുമുള്ള വിദ്യാർത്ഥികളെ കൊണ്ടു വന്ന് പഠിപ്പിക്കുന്നതിനാലാണ് പൂട്ടാതെ നിലനില്ക്കുന്നത്. എന്തുകൊണ്ടാണ് നമ്മുടെ ബൈബിൾ കോളജുകളിൽ വിദ്യാർത്ഥികൾ ഇല്ലാതെ പോകുന്നതെന്ന് ചിന്തിച്ചു നോക്കുക.

പണ്ടൊക്കെ ഓരോ വീട്ടിലും എട്ടും പത്തും മക്കളുണ്ടായിരുന്നു. അതിലൊരുത്തനെ സുവിശേഷവേലക്ക് വിടുന്നതിൽ മാതാപിതാക്കൾക്ക് ഒരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. എന്നാലിന്ന് ഒന്നോ ഒറ്റയോ ആണ് ഓരോ വീട്ടിലുമുള്ളത്. അതിനെ എഞ്ചിനിയറാക്കണോ ഡോക്ടറാക്കണോ എന്നതാണ് നമ്മുടെ സംശയം. ഇതിനിടെ സുവിശേഷവേലക്ക് വിടാൻ മക്കളെവിടെ?

കത്തോലിക്കാ സഭ പോലും അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയും എണ്ണത്തിൽ വൻകുറവ് മൂലം എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങുകയാണ്. അതിനാൽ ചില രൂപതകൾ കൂടുതൽ മക്കളുള്ള മാതാപിതാക്കൾക്ക് അവാർഡും പുരസ്ക്കാരവും നൽകി കൂടുതൽ കുഞ്ഞുങ്ങളെ ജനിപ്പിക്കണമെന്ന സന്ദേശം പ്രചരിപ്പിക്കുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. നാം ഇപ്പോഴും ഉണർന്നിട്ടില്ല. ഞാനിത്രയുമൊക്കെ എഴുതിയപ്പോൾ എനിക്കെത്ര മക്കളുണ്ടെന്ന് പലരും ചിന്തിക്കുന്നുണ്ടന്ന് എനിക്കറിയാം. വൈകി ബുദ്ധിയുദിച്ചാൽ പുറകേ വരുന്നവരോട് പറഞ്ഞുകൊടുക്കുകയല്ലാതെ എന്തു ചെയ്യാനാവും?

ഇനിയും മക്കളുടെ എണ്ണക്കൂടുതലുമായി ബന്ധപ്പെട്ട് മനസ്സിനെ മുറിവേൽപ്പിച്ച ഒരു സ്വകാര്യ സങ്കടം കൂടെ പറഞ്ഞ് അവസാനിപ്പിക്കാം. എന്റെ വീട്ടിൽ ഞങ്ങൾ ആറു മക്കളാണ്. സാമാന്യം വലിയൊരു കുടുംബം. ആറു മക്കളുള്ള ഒരു ഉപദേശിയെ ശുശ്രൂഷകനായി ഏറ്റെടുക്കുവാൻ ഏതു സഭയാണ് പൂർണ്ണമനസ്സോടെ തയ്യാറാകുക? എന്റെ പിതാവിന്റെ ശുശ്രൂഷ പൊതുവേ അംഗീകാരയോഗ്യമായിരുന്നതിനാൽ സഭകൾ ഈ വലിയ കുടുംബമെന്ന ഭാരം സന്തോഷത്തോടെ ഏറ്റെടുത്തു. ആ സഭകളെയൊക്കെ ഞാൻ നന്ദിയോടെ ഓർക്കുന്നു. ഒരിക്കൽ; എനിക്ക് തിരിച്ചറിവൊക്കെ ആയിക്കഴിഞ്ഞ് ഞങ്ങൾ ഒരു സഭയിൽ നിന്ന് മറ്റൊരിടത്തേക്ക് സ്ഥലം മാറി ചെല്ലുന്നു. അപ്പോൾ പുതിയ സഭയിലെ രണ്ടുസഹോദരന്മാർ ചേർന്ന് നടത്തിയ ഒരു സംഭാഷണ ശകലം ഇപ്പോഴും എന്റെ ചെവിയിലുണ്ട്.

ഒന്നാമത്തെ സഹോദരൻ: “പാസ്റ്ററും കുടുംബവും മതിയല്ലോ ഒരു സഭായോഗത്തിനുള്ള ആളുണ്ടല്ലോ.”

രണ്ടാമൻ: “ഈ പാസ്റ്റർക്ക് വേറെ പണിയൊന്നും ഇല്ലെന്ന് തോന്നുന്നു. വർഷാ വർഷം മക്കളെ ഉണ്ടാക്കലല്ലാതെ”. ആ ക്രൂരമായ പരിഹാസത്തിന്റെ കുന്തമുന എന്റെ കുഞ്ഞു മനസ്സിനെ എത്ര ആഴത്തിൽ മുറിവേല്പിച്ചു എന്ന് പറഞ്ഞറിയിക്കാനാവില്ല. ഓരോ തവണ “സാമേ നിന്നെ ഞാൻ സുവിശേഷവേലക്ക് വേണ്ടി പ്രതിഷ്ഠിച്ചതാണ്” എന്ന് എന്റെ അമ്മ എന്നോട് പറയുമ്പോഴൊക്കെ ഞാൻ വെറുപ്പോടെ പിടഞ്ഞുമാറിയതിന്റെ പിന്നിൽ ഇത്തരം ചില അനുഭവങ്ങളുണ്ടായിരുന്നു.

# ഇന്റർനെറ്റിൽ മലയാളം ബൈബിൾ എത്തിയ കഥ

**ഇ**തൊരു കഥയാണ്. അക്ഷരം പഠിച്ചു തുടങ്ങിയ ഒരാളുടെ തെറ്റുകൾ തിരുത്തുന്നതിനു പകരം പരിഹസിച്ചവരോട് ദൃഡനിശ്ചയംകൊണ്ട് പകരം വീട്ടിയ കഥ. പള്ളിക്കൂടത്തിൽ മലയാളം പഠിച്ചിട്ടില്ലാത്ത, 20 വയസ് പിന്നിട്ട ശേഷം മലയാളം എഴുതിപ്പഠിച്ച് ഇന്റർനെറ്റ് മലയാളത്തിന്റെ ചരിത്രമായി മാറിയ ഒരു യുവാവിന്റെ കഥ. ഗ്രാഫിക് ഡിസൈനിങ്ങും ഫോട്ടോഗ്രഫിയും ഇഷ്ടപ്പെടുന്ന നിഷാദ് മറ്റൊരു സുഹൃത്തിനു വേണ്ടിയാണ് മലയാളത്തിൽ ട്രൂടൈപ്പ് ഫോണ്ടുകളൊരുക്കി കമ്പ്യൂട്ടർ വഴിയുള്ള പ്രിന്റിങ്ങിന് സംവിധാനമൊരുക്കിയത്. അന്ന് അച്ചടിച്ച ഒരു ലഘുലേഖയിൽ കണ്ട തെറ്റുകൾ ചൂണ്ടിക്കാട്ടി ഒരാൾ പരിഹസിച്ചു. മലയാളം ശരിക്കറിയാത്തവനാണോ മലയാളത്തിൽ അക്ഷരങ്ങളും സോഫ്ട്വെയറുകളും ഉണ്ടാക്കാൻ പോകുന്നതെന്ന്. ഇതൊരു വെല്ലുവിളിയായി സ്വീകരിക്കുകയായിരുന്നു നിഷാദ്.

തിരുവനന്തപുരം ജില്ലയിലെ കണിയാപുരത്ത് ജനിച്ച നിഷാദ് മലയാളം പഠിക്കുന്നതിനു മുമ്പുതന്നെ യുഎഇയിൽ എത്തി. ബാല്യം അബുദബിയിലായിരുന്നതിനാൽ വളരെ ചെറിയ പ്രായത്തിൽ തന്നെ നിഷാദിന് ഒരു കമ്പ്യൂട്ടർ ലഭിച്ചു. കൊമഡോർ 64. അന്ന് അവിടെ വീഡിയോ ഷോപ്പ് നടത്തുന്ന ഒരു സുഹൃത്തിനു വേണ്ടി ഒരു രസത്തിനാണ് മലയാളത്തിൽ ഗ്രാഫിക്സുകൾ നിർമിച്ചു തുടങ്ങിയത്. അദ്ദേഹത്തിന് കല്യാണക്കാസറ്റിൽ ചേർക്കാൻ. തന്റെ ഗ്രാഫിക്സുകൾ കണ്ട് നിരവധിപ്പേർ ഈ ആവശ്യവുമായി സമീപിച്ചു. 1987കളിൽ അതൊരു വലിയ സംഭവം തന്നെയായിരുന്നു. അക്ഷരങ്ങളും കൈപ്പള്ളിയും തമ്മിലുള്ള സൗഹൃദം തുടങ്ങിയത് ഇവിടെയായിരുന്നു. മലയാളം ലിപിയുടെ പ്രത്യേകതകളും ലിപി വ്യത്യാസങ്ങളും വല്ലാതെ ആകർഷിച്ചു.

1992ൽ വിൻഡോസ് 3.1 വന്നതോടെയാണ് കമ്പ്യൂട്ടറിൽ മലയാളം ഫോണ്ടുകൾ നിർമിക്കാൻ വഴിയൊരുങ്ങിയത്. അതിനു മുൻപ് കമ്പ്യൂട്ടറൈസ്ഡ് പ്രിന്റിങ്ങിന് വ്യാപകമായി ഉപയോഗിച്ചിരുന്നതാകട്ടെ ആപ്പിളിന്റെ മകിന്റോഷ് ആയിരുന്നു. വിൻഡോസ് 3.1 പ്ലാറ്റ്ഫോമിൽ ആറ് വ്യത്യസ്ഥമായ ട്രൂടൈപ്പ് ഫോണ്ടുകൾ രൂപപ്പെടുത്തി. അക്കൊല്ലത്തെ ജിടെക്സ് എക്സിബിഷനിൽ മൈക്രോസോഫ്ടിന്റെ തേർഡ് പാർടി സൊലൂഷൻ പാർട്നറായി പങ്കെടുത്തു. അന്ന് എക്സിബിഷനിൽ മലയാളം പഴയ ലിപിയിൽ തയാറാക്കിയ ലഘുലേഖകൾ കണ്ട് അത്ഭുതപ്പെട്ടു. പക്ഷെ അക്ഷരത്തെറ്റുകൾ ധാരാളമുണ്ടായിരുന്നു. അന്നാണ് തന്നെ മലയാളമറിയാത്തവൻ മലയാളം ഫോണ്ടും സോഫ്റ്റുവെയറും ഉണ്ടാക്കാൻ പോകുന്നു എന്നു പറഞ്ഞു പരിഹസിച്ചത്.

പരിഹസിക്കൽ വല്ലാതെ വേദനിപ്പിച്ചു. അന്നത് അത്ര കാര്യമാക്കിയില്ലെങ്കിലും ഒരുകാര്യം അന്നു തീരുമാനിച്ചു. കിട്ടാവുന്നതിൽ ഏറ്റവും ആധികാരികമായ ഒരു വലിയ മലയാളം പുസ്തകം താൻ കമ്പ്യൂട്ടറിലേയ്ക്ക് പകർത്തിയെഴുതും. നല്ല പ്രചാരമുള്ളതും ആളുകൾക്ക് ഇടയ്ക്ക് വായിക്കേണ്ടി വരുന്നതുമായ ഒരു പുസ്തകമായിരിക്കണം അത്. അതിൽ വരുന്ന തെറ്റുകൾ വിളിച്ചു കൂവി എന്നെ പരിഹസിച്ചു തോൽപിക്കാൻ ഒരു വലിയ സംഘം ആളുകളും ഉണ്ടാകണം. പ്രാവർത്തികമായും സാങ്കേതികമായും നിയമപരമായും അങ്ങനെ ഒരു ഗ്രന്ഥമായി യോജിച്ചു വന്നത് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചിരുന്ന സത്യവേദപുസ്തകം തന്നെയായിരുന്നു.




പിന്നീടങ്ങോട്ട് അക്ഷീണ പരിശ്രമം തന്നെയായിരുന്നു. എട്ടു മാസം കൊണ്ട് ഇതിനുള്ള ഓഡിറ്റിങ് സോഫ്റ്റ്വെയറും പ്രൊജക്ട് മാനേജ്മെന്റ് ടൂളും ഉണ്ടാക്കിയെടുത്തു. ടൈപ്പിങ്ങിന് സഹായിച്ചത് ഐബിഎമ്മിന്റെ ലോട്ടസ് അമിപ്രൊ ആയിരുന്നു. ടൈപ്പ് ചെയ്തു തീരുന്ന മുറയ്ക്ക് പ്രൂഫ് തിരുത്തുന്നതിന് ദുബായിലെ ഒരു പാരിഷ് മുന്നോട്ടു വന്നു. ബൈബിളിലെ 66 പുസ്തകങ്ങളും പിന്നീടുള്ള രണ്ടു വർഷം കൊണ്ട് ഒരു സുഹൃത്തും താനും കൂടി ടൈപ്പ് ചെയ്ത് തീർത്തു. 2003 വരെ ആസ്കി ഫോണ്ടുകൾ ഉപയോഗിച്ചെങ്കിലും 2003ൽ മലയാളം യുണിക്കോഡിലേയ്ക്ക് മാറ്റാൻ ആരംഭിച്ചത്. മലയാളം യുണിക്കോഡിന്റെ ശൈശവ ദശയായിരുന്നു ഈ കാലയളവ്. മലയാളം യുണിക്കോഡിന്റെ വളർച്ചയ്ക്കും തന്റെ ഉദ്യമം ഏറെ ഗുണം ചെയ്തു.

ഒരുദിവസം തോന്നിയ ചെറിയ വാശി വലിയൊരു വിജയമായതാണ് മലയാളം ബൈബിൾ ഇന്റർനെറ്റിലെത്തിച്ച കഥ. ഒരു കാര്യവും’ ഇതൊക്കെ ചെയ്യാൻ വേറെ വല്ലവനും വരും.

വേണ്ടപോലെ ചെയ്തോളും ‘എന്നു കരുതി ഇരുന്നാൽ ഒരു കാര്യവും നടക്കില്ല. നമ്മുടെ മനസിൽ തോന്നുന്ന വലിയ ആശയങ്ങൾ നാം തന്നെ ചെയ്തു തുടങ്ങണം. ആരെയും ആശ്രയിക്കാതെ അത് പൂർത്തിയാക്കുമെന്ന ദൃഡനിശ്ചയവും വേണം. എല്ലാം സാധ്യമാകുമെന്ന് നിഷാദ് കൈപ്പള്ളി.

ഇപ്പോൾ malayalambible.in എന്ന വിലാസത്തിൽ സമ്പൂർണ ബൈബിൾ ലഭ്യമാണ്. വായിക്കുന്നതിനും പുസ്തകങ്ങളും വാക്യങ്ങളും തിരഞ്ഞു കണ്ടെത്തുന്നതും ഏറെ എളുപ്പമാക്കിയിട്ടുണ്ട്. ബൈബിളിൽ ഒരു വാക്ക് തിരയുകയാണെങ്കിൽ അനുബന്ധമായ എല്ലാ വാക്കുകളും ലഭ്യമാകും എന്നതും കൈപ്പള്ളി ഒരുക്കിയ ഇന്റർനെറ്റ് ബൈബിളിന്റെ പ്രത്യേകതയാണ്. ഇപ്പോൾ യുഎഇയിൽ ജോലി ചെയ്യുന്ന നിഷാദ് കമ്പ്യൂട്ടർ എയ്ഡഡ് എൻജിനീറിങ്ങിൽ ബിരുദം നേടിയ ശേഷം നെതർലൻഡിലും ജർമനിയിലും ജോലി ചെയ്തിട്ടുണ്ട്. ഗ്രാഫിക് ഡിസൈനർ, ആർകിടെക്ട്, പക്ഷി നിരീക്ഷണം, വൈൽഡ് ലൈഫ് ഫോട്ടോഗ്രഫി, കാർട്ടൂൺ രചന, ബ്ലോഗിങ് തുടങ്ങി നിരവധി വ്യത്യസ്ഥ മേഖലകളിൽ സജീവമാണ്.



**ഡോ.ജെസ്സി ജയ്സൺ**

**……. ദൈവത്തെ വ്യക്തിപരമായി അടുത്തറിഞ്ഞ് എൽ-റോയീ എന്ന ഹൃദയസ്പർശിയായ പേരിട്ട് ആരാധിച്ചവളാണ് ഹാഗാർ. ഒരു പക്ഷേ, ചരിത്രത്തിൽ തന്നെ ഇത്തരമൊരു പ്രവർത്തിക്ക് മുതിർന്ന ഒരേയൊരാൾ! ഹാഗാർ, പക്ഷേ, ആർക്കും ആരുമല്ലായിരുന്നു. അവൾ കേവലമൊരു വസ്തു മാത്രം; വ്യക്തിത്വമില്ലാത്ത, സ്വന്തമായി വിലാസമില്ലാത്ത ഒരു വസ്തു……**

# ഹാഗാറിന്റെ ദൈവശാസ്ത്രം



**സ്വ**ന്ത ശരീരത്തിൽ പോലും അവകാശമില്ലാത്ത ഒരു മിസ്രയീമ്യ അടിമസ്ത്രീക്ക് എന്തു ദൈവം? എന്തു ദൈവശാസ്ത്രം? എന്നു ചോദിക്കാൻ വരട്ടെ. എലോഹിം, യഹോവ, ഏൽ-ഷദ്ദായി എന്നൊക്കെയുള്ള ബൃഹത്തായ നാമങ്ങളിൽ അന്നുവരെ അറിഞ്ഞിരുന്ന ദൈവത്തെ വ്യക്തിപരമായി അടുത്തറിഞ്ഞ് എൽ-റോയീ എന്ന ഹൃദയസ്പർശിയായ പേരിട്ട് ആരാധിച്ചവളാണ് ഹാഗാർ. ഒരു പക്ഷേ, ചരിത്രത്തിൽ തന്നെ ഇത്തരമൊരു പ്രവർത്തിക്ക് മുതിർന്ന ഒരേയൊരാൾ! ഹാഗാർ, പക്ഷേ, ആർക്കും ആരുമല്ലായിരുന്നു. അവൾ കേവലമൊരു വസ്തു മാത്രം; വ്യക്തിത്വമില്ലാത്ത, സ്വന്തമായി വിലാസമില്ലാത്ത ഒരു വസ്തു. ഒരിക്കൽ യജമാനത്തിയുടെ ഇഷ്ടമനുസരിച്ച് അവൾ യജമാനന്റെ ഭാര്യയായും കൊടുക്കപ്പെട്ടു (ഉല്പ.16:3). ഇങ്ങനെയൊക്കെയാണെങ്കിലും ദൈവം തനിക്ക് കല്പിച്ച മൂല്യം അവളെത്തന്നെ അമ്പരപ്പിച്ച വസ്തുതയാണ്. ഉല്പത്തി 16-ാം അദ്ധ്യായത്തിൽ നിന്ന് നാം തിരഞ്ഞെടുത്തിരിക്കുന്ന വിഷയം. ഈ ലേഖനമെഴുതുമ്പോൾ, ഒറ്റപ്പെടലുകളിലും, തിരസ്ക്കരണങ്ങളിലും, അസ്സഹനീയമായ വേദനകളിലും തകർന്നടിയുന്ന അനേക സ്ത്രീകളുടെ, വിശേഷിച്ച് അമ്മമാരുടെ മുഖങ്ങൾ എന്റെ മനസിൽ തെളിയുന്നു. അവർക്ക് നൽകുവാനുള്ള ആശ്വാസത്തിന്റെ കിരണങ്ങൾ ഹാഗാറിന്റെ അനുഭവത്തിൽ നിന്ന് സമൃദ്ധിയായി പ്രഭ വിതറട്ടെ. ഹാഗാർ അറിഞ്ഞ ദൈവം ആരായിരുന്നു? നിരാശയുടെയും തള്ളലിന്റെയും ആഴക്കയത്തിൽ നിന്ന് ഒറ്റ നിമിഷം കൊണ്ട് അവളെ കരകയറ്റിയ ആ ദൈവശാസ്ത്രം എന്തായിരുന്നു?

**എ. ആരും കരുതുവാനില്ലാത്തവളെ തേടി വന്ന ദൈവം**

നൊമ്പരപ്പെടുന്ന ഹൃദയവുമായി മരുഭൂമിയിലേക്കോടി മറയുമ്പോൾ ഒന്നവൾക്കുറപ്പായിരുന്നു-ആരും തേടി വരില്ല. മരണം ഉറപ്പായി. എത്ര സമയം എടുക്കുമെന്ന് മാത്രമേ അറിയാനുള്ളൂ. യജമാനത്തിക്കില്ലാത്ത ഒരു നന്മ തനിക്കുണ്ടായപ്പോൾ സ്വാഭാവികമായും ഹാഗാറിലുണ്ടായ മാറ്റങ്ങളാണ് പീഡനത്തിൽ കലാശിച്ചത്. പിന്നെ എങ്ങോട്ടെന്നില്ലാത്ത യാത്ര. മരുഭൂമിയിൽ ഒരു നീരുറവിനരികെ യഹോവയുടെ ദൂതൻ അവളെ കണ്ടു. “കണ്ടെത്തി” (found) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അത്യുന്നതനായ ദൈവം ആർക്കും വേണ്ടാത്ത ഒരു അടിമസ്ത്രീയെ ‘തിരഞ്ഞു, കണ്ടെത്തി.’ ഒറ്റപ്പെടൽ, ദരിദ്രരുടെയും, അശരണരുടെയും മാത്രം പ്രശ്നമല്ല ഇന്ന്. ധനികരുടെയും, വിദ്യാ സമ്പന്നരുടെയുമൊക്കെ പ്രശ്നമാണ്. സ്വന്ത ജീവിതത്തിലെ കുഴപ്പങ്ങൾ കൊണ്ട് ഒറ്റപ്പെടുന്നവരും ഇക്കൂട്ടത്തിലുണ്ട്. എന്നാൽ, ഹാഗാർ അറിഞ്ഞത് കൃപയുടെ ദൈവത്തെ ആയിരുന്നു. ഉപേക്ഷണങ്ങൾ പെരുകുമ്പോൾ ആ കൃപ നമ്മെ ഓരോരുത്തരെയും തേടി വരുന്നു.

**ബി) ആരും പേർ വിളിക്കാനില്ലാത്തവളെ പേർ വിളിച്ച ദൈവം**

താൻ പാർത്തു വന്ന ഭവനത്തിലെ ഭക്തരായ ദമ്പതികളിൽ നിന്നാവണം ഹാഗാർ ഈ ദൈവത്തെക്കുറിച്ചറിഞ്ഞത്. ആ വീട്ടിൽ “ദാസി” എന്നു മാത്രം വിളിക്കപ്പെട്ടവളെ ദൈവം “ഹാഗാറേ” എന്ന് വിളിച്ചപ്പോഴാവണം ദൈവത്തെക്കുറിച്ചറിയുന്നതും, ദൈവത്തെ അറിയുന്നതും തമ്മിലുള്ള അന്തരം അവൾക്ക് മനസ്സിലായത്. വ്യക്തിത്വത്തിൽ നമ്മുടെ പേരിന്റെ പ്രാധാന്യം ചില്ലറയല്ലല്ലോ. താനൊരു വ്യക്തിയാണെന്നും, തനിക്ക് അസ്തിത്വമുണ്ട് എന്നും ഒരു പക്ഷേ, ജീവിതത്തിലാദ്യമായി അവൾ അന്ന് തിരിച്ചറിഞ്ഞു. അഖില ചരാചരങ്ങളുടെയും ഉടയവൻ, സ്നേഹവാനായ, കഷ്ടതയറിയുന്നവനായ ഒരു സഹയാത്രികനായി അവൾക്ക് പ്രത്യക്ഷപ്പെട്ട ദൈവം അവളെ പേർ ചൊല്ലി വിളിച്ചു (ഉല്പ.16:8). “എന്നെ കാണുന്നവനായ ദൈവം” എന്ന് അവൾ ദൈവത്തിന് പേർ വിളിച്ചു. ജീവിതത്തിന്റെ കയ്പ്പേറിയ ഏതനുഭവത്തിലും ദൈവം നമ്മെ കാണുന്നു എന്നതാണ് ഏറ്റവും വലിയ സാന്ത്വനം. കാരണം, അവസ്ഥകൾ മാറും എന്ന ഉറപ്പ് അത് നമുക്ക് നൽകുന്നു.

**സി) ആരും പ്രതീക്ഷ നൽകുവാനില്ലാത്തിടത്ത് ആലോചനയും ഭാവി പ്രത്യാശയും നൽകിയ ദൈവം**

നമ്മുടെ ഏറ്റവും നല്ല ആലോചനക്കാരൻ (Counselor) ദൈവമാണ്. ആ സാമീപ്യത്തിൽ ചെല്ലാൻ മനസ്സുണ്ടായാൽ മാത്രം മതി. സ്വയാശ്രയക്കാരാവാനാണ് പക്ഷേ പലപ്പോഴും നമുക്കിഷ്ടം. എന്നാൽ ദൈവിക ആലോചനകൾ പലപ്പോഴും മാനുഷികമായി കർണ്ണരസമുള്ളതാകണമെന്നില്ല. “മടങ്ങിച്ചെന്ന് യജമാനത്തിക്ക് കീഴടങ്ങിയിരിക്ക” (ഉല്പ.16:9)എന്നത് ഒരിക്കലും കേൾക്കരുതേ എന്ന് ഹാഗാർ ആഗ്രഹിച്ച വാക്കുകളായിരിക്കും. നൂറായിരം ചോദ്യങ്ങളുണ്ടായിക്കാണും ആ മനസ്സിൽ. എന്നിട്ടും താഴ്മയോടെ, വില കൊടുപ്പാൻ അവൾ തയ്യാറായി. ദൈവിക തേജസ്സിന്റെ മുന്നിൽ പിണക്കവും, വിദ്വേഷവുമെല്ലാം അലിഞ്ഞുപോകാനവൾ അനുവദിച്ചു. യേശു കർത്താവ് നമ്മോടും പറയുന്നു, “എന്റെ നുകമേറ്റ് എന്നോട് പഠിപ്പിൻ”; താൻ മാത്രമല്ല തന്റെ ഉള്ളിൽ വളരുന്ന ജീവനും നശിക്കേയുള്ളു എന്ന ചിന്ത അവളുടെ ഉള്ളിൽ നിന്ന് മാറ്റുവാൻ ദൈവം അവളുടെ മകനെക്കുറിച്ചുള്ള വാഗ്ദത്തമെല്ലാം അവൾക്ക് നൽകി. സാറായിയുടെ പീഡനത്തിൽ നിന്ന് തന്നെ പൂർണ്ണമായും സംരക്ഷിച്ച് വാഗ്ദത്ത നിവൃത്തിയിലെത്തിക്കുന്ന ഒരു ദൈവത്തെ മാത്രം ഹാഗാർ തന്റെ ഹൃദയത്തിൽ പതിപ്പിച്ചു. എൽ റോയീ എന്ന പേരിൽ അവർ തന്റെ വിശ്വാസം ഉറപ്പിച്ചു. വാഗ്ദത്ത നിവൃത്തിക്കായി താഴ്മയും, അനുസരണവും, സഹിഷ്ണതയും ഏറ്റെടുക്കുവാൻ അവൾ തയ്യാറായി. അപ്പോൾ കുത്തി മുറിവേല്പിക്കുന്ന ആകുലതകൾക്ക് വിരാമമായി. ക്ഷമിപ്പാനും കീഴടങ്ങാനുമുള്ള ശക്തിയാർജ്ജിച്ചു. ദൈവത്തെ അടുത്തറിയാവുന്ന നമ്മുടെയും ജീവിതത്തിൽ, പ്രതിസന്ധികളിൽ, ഈ കൃപ യാഥാർത്ഥ്യമാകട്ടെ.

## അദ്ധ്യാപക രക്ഷാകർതൃ കുടുംബ സംഗമം

**തിരുവനന്തപുരം:** ഐ.പി.സി. സണ്ടേസ്കൂൾസ് അസോസിയേഷൻ തിരുവനന്തപുരം മേഖലയിലുള്ള 19 സെന്റർ/ഏരിയായിലുള്ള സഭകളിലെ സണ്ടേസ്കൂൾ രക്ഷാധികാരികൾ/ശുശ്രൂഷകന്മാർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരെ സംയോജിപ്പിച്ചുകൊണ്ടുള്ള അദ്ധ്യാപക രക്ഷകർതൃ കുടുംബസംഗമം ആഗസ്റ്റ് 22 ന് ഐ.പി.സി. ആറാമട ചർച്ച് ഹാളിൽ നടക്കും. ഇവാ.എൽ.കെ.റോയിയുടെ അധ്യക്ഷതയിൽ പാസ്റ്റർ സാം ജോർജ് ഉദ്ഘാടനം ചെയ്യും. ഇവാ. ഷാജൻ ജോൺ ഇടയ്ക്കാട് മുതിർന്നവർക്ക് ക്ലാസ്സെടുക്കും. 12 വയസ് വരെയുള്ള കുട്ടികൾക്കായി എക്സൽ മിനിസ്ട്രീസിലെ ഇവാ.രജിയും സംഘവും ശുശ്രൂഷിക്കും.

45 വർഷത്തിന് മുമ്പ് സണ്ടേസ്കൂൾ വിദ്യാർത്ഥികളായിരുന്ന പ്രൊഫ.റ്റി.എം.ജോർജ്&പ്രൊഫ. സലോമി ജോർജ്, 6 വർഷത്തിന് മുമ്പ് സണ്ടേസ്കൂൾ വിദ്യാർത്ഥികളായിരുന്ന അസി. പ്രൊഫ. സജീവ് എബ്രഹാം&അസി.പ്രൊഫ.സൂസൻ റോസ് എന്നീ രണ്ട് പൂർവ്വ വിദ്യാർത്ഥി കുടുംബങ്ങൾ തങ്ങൾക്ക് ബാല്യത്തിൽ ലഭിച്ച സണ്ടേസ്കൂൾ അഭ്യസനം സ്കൂൾ-കോളേജ് ഔദ്യോഗിക കുടുംബ സാമൂഹിക ക്രിസ്തീയ ജീവിത തലങ്ങളിൽ എത്രമാത്രം സ്വാധീനിച്ചു എന്ന് അനുഭവങ്ങളിലൂടെ പങ്കുവെക്കുകയും സണ്ടേസ്കൂൾ പഠനം അനിവാര്യമാണോ എന്ന് സമർത്ഥിക്കുകയും ചെയ്യും.

സണ്ടേസ്കൂൾ പൂർവ്വ വിദ്യാർത്ഥികളായവരിൽ നിന്നു കണ്ടെത്തിയ മാതൃക കുടുംബങ്ങളെ മേഖല ഇവാ.പി.ജി.മത്തായി പ്രശംസാപത്രം നൽകി ആദരിക്കും.

എസ്. യോഹന്നാൻ, പാസ്റ്റർ എൽ. ജോൺസൻ, പ്രേം ജെ. ദാസ്, വൈ. രാജു, സി. ജെയിംസ് ആറാമട എന്നിവർ സംഗമത്തിന് നേതൃത്വം നൽകും. 9446700206.


ADMISSION OPEN
APPLY NOW

Helping You Reach Your DREAM CAREER



MBBS | BDS
Pharm.D
M.Sc NURSING
P.C.B.Sc NURSING
(Regular & Correspondance)

Few Seats Available

| | |
|---|---|
| B.E/B.TECH | Mechanical \| Automobile \| Civil \| Marine Aeronautical \| Computer Science \| Electronics |
| Medical & Paramedical | Nursing \| Pharmacy \| Perfusion Technology Renal Dialysis \| O.T Technology \| BPT \| BOT... |
| AVIATION | BBA in Aviation \| MBA in Aviation |
| MANAGEMENT | BBA \| BBM \| BHM \| BTA \| BSW \| MBA \| MCA \| MTA \| MSW .... |
| OTHER COURSES | Fashion Designing \| Interior Designing \| Visual Communication \| journalism \| ACCA Cosmetology \| Gems & Jewellery ... |

Call Us @ 9847143030 / 9447413000

DISHAA FOUNDATION
2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030
www.dishaafoundation.com



ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

യെരുശലേമിലേക്ക്




“അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ”
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

എല്ലാ മാസവും ടൂറുകൾ

പ്രത്യേകതകൾ
- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

അടുത്തയാത്ര സെപ്തംബർ 16

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക
ഫോൺ: 0469 2634321 / 9847166994

കൂടുതൽ വിവരങ്ങൾക്ക്
MARUPPACHA
PLANTHOTTAM COMPLEX, TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com




# ഹരിയാന മിഷൻ

**യേശുക്രിസ്തുവിലൂടെയുള്ള നിത്യരക്ഷയുടെ സന്ദേശം പങ്ക് വച്ച് ഹരിയാനയെ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടെ ഹരിയാനയിൽ രജിസ്റ്റർ ചെയ്ത് സഭാ സംഘടനാ വ്യത്യാസം കൂടാതെ പ്രവർത്തിക്കുന്ന ക്രിസ്തീയ സംഘടനയാണ് ഹരിയാന മിഷൻ.**




## ഹരിയാന ഒറ്റ നോട്ടത്തിൽ

| | |
|---|---|
| തലസ്ഥാനം | : ചണ്ഡിഗഢ് |
| ജനസംഖ്യ | : 21, 082, 989 (21 മില്യൺ) |
| ജില്ലകൾ | : 22 |
| താലൂക്കുകൾ | : 55 |
| ബ്ലോക്കുകൾ | : 116 |
| ഗ്രാമങ്ങൾ | : 7,064 |
| പിൻകോഡുകൾ | : 449 |
| ജനവിഭാഗങ്ങൾ | : 94 |
| പട്ടണങ്ങൾ | : 92 |
| സാക്ഷരത | : 68.59 |
| പ്രധാനഭാഷകൾ | : ഹരിയാൻവി, ഹിന്ദി, പഞ്ചാബി, ഉറുദു |
| ക്രിസ്ത്യാനികൾ | : 0.09% |

## പ്രസിഡന്റിന്റെ കത്ത്

വളരെ പരിമിതമായ നിലയിൽ മാത്രം സുവിശേഷം എത്തിയിട്ടുള്ള ഹരിയാന സംസ്ഥാനത്ത് ഞങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് നിങ്ങളെ അറിയിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ക്രൈസ്തവ പീഡനങ്ങൾക്കും കഠിന സാഹചര്യങ്ങൾക്കും മദ്ധ്യേ സുവിശേഷപ്രവർത്തനങ്ങൾക്കായി ഇന്ന് അനുകൂല സാഹചര്യങ്ങൾ ഒരുക്കപ്പെട്ടു വരുന്നു. എന്നാൽ നമ്മുടെ ദൗത്യം വളരെ വലുതും വെല്ലുവിളികൾ നിറഞ്ഞതുമാണ്. ഒരു സഭയ്ക്കോ സംഘടനക്കോ തനിച്ച് 2 കോടി പത്തു ലക്ഷം വരുന്ന ജനതയെ നേടുക എന്നത് അസാധ്യമാണ്. എന്നാൽ ദൈവജനത്തിന്റെ കൂട്ടായ പരിശ്രമത്താൽ ഹരിയാനയെ ക്രിസ്തുവിന് വേണ്ടി നേടുവാനും തദ്ദേശീയരായ അനേകരെ ഈ മഹാദൗത്യത്തിന് വേണ്ടി ഒരുക്കിയെടുക്കുവാനും നമുക്ക് കഴിയും.

അപ്പൊസ്തലപ്രവർത്തികളിൽ കാണുന്ന അതേ സാഹചര്യങ്ങൾ ഹരിയാനയിലെ പ്രവർത്തന സ്ഥലങ്ങളിൽ നമുക്കിന്ന് കാണുവാൻ സാധിക്കുന്നു. പ്രാർത്ഥനയും, ആത്മനിറവും, അത്ഭുതങ്ങളും, രോഗസൗഖ്യങ്ങളും, എല്ലാം ഇവിടെ നിത്യസംഭവങ്ങളാണ്. ഒപ്പം കഠിനമായ പീഡനങ്ങൾ, ധൈര്യത്തോടെയുള്ള സാക്ഷീകരണം, ശിഷ്യത്വം, സുവിശേഷീകരണം, സഭകളുടെ വർദ്ധനവ് തുടങ്ങിയ പരിശുദ്ധാത്മ പ്രവർത്തനങ്ങൾ വളരെ ശക്തമായി ഇവിടെ നടന്നു വരുന്നു.

ഹരിയാനയുടെ സുവിശേഷീകരണം എന്ന മഹാദൗത്യത്തിൽ പങ്കാളികളാകുവാൻ ഞങ്ങൾ നിങ്ങളേയും ക്ഷണിക്കുന്നു. നോർത്ത് ഇന്ത്യയിൽ ഇന്നും സുവിശേഷം എത്തിയിട്ടില്ലാത്ത ജനതയുടെ ഇടയിൽ ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾ നടക്കുന്നത് കാണുവാൻ; ഹരിയാനയിലെ ഈ വലിയ ആത്മീയ മുന്നേറ്റത്തിൽ പങ്കാളികളാകുവാൻ നിങ്ങൾക്കും അവസരമുണ്ട്.

**പാസ്റ്റർ പ്രിൻസ് കെ. തോമസ്**
*പ്രസിഡന്റ്*





**ഹരിയാന മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ**

സഭാ സ്ഥാപനം: നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും പരിമിതമായി മാത്രം സുവിശേഷീകരിക്കപ്പെട്ടിട്ടുള്ള ഹരിയാനയിലെ ഓരോ പ്രദേശവും കേന്ദ്രീകരിച്ച് വളരുന്ന, ആത്മാക്കളെ നേടുന്ന സഭകൾ സ്ഥാപിക്കുക, സമൂഹത്തിലെ താഴേക്കിടയിലുള്ളവരും നിർധനരുമായ വ്യക്തികളെ ഉദ്ധരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി അക്ഷീണം പ്രയത്നിക്കുന്നതിൽ ഹരിയാന മിഷൻ പ്രതിജ്ഞാബദ്ധമാണ്.

7064 ഗ്രാമങ്ങൾ ഹരിയാനയിൽ ഉണ്ടെങ്കിലും 5000-ത്തോളം ഗ്രാമങ്ങളിൽ ക്രിസ്തീയ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇല്ല. ഇതുവരെ സുവിശേഷമെത്തിയിട്ടില്ലാത്ത ഈ ഗ്രാമങ്ങളിൽ തദ്ദേശീയരായ സുവിശേഷകരെ പരിശീലിപ്പിച്ച് സഭകൾ സ്ഥാപിക്കുക എന്നതും ഞങ്ങളുടെ ദർശനമാണ്. അടുത്ത കാലത്തായി ഞങ്ങളുടെ സഭകൾ ഗണ്യമായ വളർച്ചാ നിരക്ക് നേടിയിട്ടുണ്ട്. ഓരോ സമൂഹത്തിലും നേതൃത്വം വഹിക്കുവാനും ശിഷ്യത്വപരിശീലനം നൽകുവാനും പരിശീലിപ്പിക്കപ്പെട്ട വിശ്വാസികളാണ് ഈ നേട്ടത്തിന് കാരണം. കഠിനമായ പീഡനങ്ങളുണ്ടെങ്കിലും സഭ വളർച്ചയുടെ പാതയിലാണ്. ഓരോ ഗ്രാമത്തിലും ഇരട്ടിക്കുന്ന, പുതിയ സഭകളെ സൃഷ്ടിക്കുന്ന, ശിഷ്യരെ വാർത്തെടുക്കുന്ന സഭകളാണ് ഞങ്ങളുടെ ലക്ഷ്യം.

**വേദപരിശീലന കേന്ദ്രം**

ഞങ്ങളുടെ വേദപഠനകേന്ദ്രത്തിൽ വിവിധ പരിശീലന പദ്ധതികളിലൂടെ തദ്ദേശീയരായ സുവിശേഷകരെ സഭാ സ്ഥാപനശുശ്രൂഷക്കായി സജ്ജരാക്കിയെടുക്കുന്നു. ഈ ശുശ്രൂഷ സഭാ സ്ഥാപന പ്രക്രിയയിൽ വളരെയധികം ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കപ്പെടുന്ന 98% സുവിശേഷകരെയും അവരുടെ സമൂഹത്തിൽ പ്രവർത്തിക്കുവാനുള്ള ദൗത്യം ഏല്പിക്കുന്നു എന്നത് എടുത്തു പറയപ്പെടേണ്ട കാര്യമാണ്. സ്വന്തം ജനവിഭാഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുവാനാഗ്രഹിക്കുന്ന വ്യക്തികൾക്കായി പ്രത്യേക പരിശീലന പദ്ധതികൾ ഹരിയാന മിഷന് ഉണ്ട്. പുതിയ വിശ്വാസികൾക്കായി സഭകൾ കേന്ദ്രീകരിച്ച് ഹൃസ്വകാല പരിശീലന പദ്ധതികളും സഭകൾക്ക് നേതൃത്വം നൽകുന്നവർക്കായി ശിഷ്യത്വപരിശീലന കോഴ്സുകളും നടത്തുന്നു. അടിസ്ഥാന വേദോപദേശങ്ങൾ, ശുശ്രൂഷാ പരിചയം, ക്രിസ്തീയ സ്വഭാവം, പ്രായോഗിക പരിശീലനം തുടങ്ങിയവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നു.

**പൊതുയോഗങ്ങൾ/ കോൺഫ്രൻസുകൾ**

നോർത്ത് ഇന്ത്യയുടെ വിവിധ പട്ടണങ്ങളിൽ സ്ഥാപിക്കപ്പെട്ട സഭകളെ ചേർത്ത് പൊതുയോഗങ്ങളും, ലീഡേഴ്സ് കോൺഫ്രൻസുകളും പ്രാദേശിക സഭയുടെ സഹകരണത്തോടെ നടത്തുന്നു. സുവിശേഷ പ്രതികൾ, ക്രിസ്തീയ ചലച്ചിത്രങ്ങൾ, നാടകങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് സുവിശേഷ സന്ദേശം അറിയിക്കുവാൻ ഞങ്ങളുടെ ടീം പ്രവർത്തനനിരതരാണ്. ഫലപ്രദമായ സുവിശേഷീകരണത്തിനും, സഭാ സ്ഥാപനത്തിനും സഭയെ സജ്ജരാക്കേണ്ടതിന് ഓരോ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാനുള്ള വ്യക്തമായ രൂപരേഖയും ആവശ്യമായ സാധന സാമഗ്രികളും സഭക്ക് നൽകുന്നതോടൊപ്പം പരിശീലന പദ്ധതികളും നടപ്പിലാക്കുന്നു.

**സാമൂഹ്യപ്രവർത്തനങ്ങൾ**

സുവിശേഷ ദൗത്യത്തിന്റെ ഭാഗമായി ഞങ്ങൾ ചില ജീവകാരുണ്യ പ്രവർത്തനങ്ങളും ചെയ്തു വരുന്നു.

1. സൗജന്യ തയ്യൽ പരിശീലന കേന്ദ്രങ്ങൾ
2) സൗജന്യ മെഡിക്കൽ ക്യാമ്പുകൾ
3) സൗജന്യ പ്രാഥമിക വിദ്യാഭ്യാസം
4) ഗ്രാമങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ
5) കുട്ടികൾക്കുള്ള ബൈബിൾ ക്ലബ്ബുകൾ
6) സൗജന്യ വൃക്ഷതൈ വിതരണം

**ഞങ്ങളുടെ ലക്ഷ്യങ്ങൾ**

1) ഇതുവരെ സുവിശേഷം എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിൽ സഭകൾ സ്ഥാപിക്കുക.
2) ചേരിപ്രദേശത്തും, ഉൾപ്രദേശങ്ങളിലും സാമൂഹ്യസേവനത്തിനും സുവിശേഷീകരണത്തിനും പ്രത്യേക പരിശീലനം കൊടുത്ത് ദൗത്യസംഘത്തെ അയക്കുക.
3) പുതിയ വിശ്വാസികൾക്കുള്ള പരിശീലന പദ്ധതികൾ, ശിഷ്യത്വ പരിശീലന പരിപാടികൾ തുടങ്ങിയവയിലൂടെ പുതിയ വിശ്വാസികളെ സുവിശേഷീകരണ ദൗത്യത്തിനായി സജ്ജരാക്കുക.
4) ഹരിയാനയിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മിഷൻ കോൺഫ്രൻസുകൾ നടത്തുക.
5) ഹൗസ് ഓഫ് ഹോപ്പ് പദ്ധതിയിലൂടെ അനാഥരും നിർധനരുമായ കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുക, അവർക്ക് വിദ്യാഭ്യാസം നൽകുക.
6) പാസ്റ്റർമാർ, സുവിശേഷകർ, അധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്ക് യാത്രാ സൗകര്യങ്ങൾ, ബൈബിൾ, ലഘുലേഖകൾ, ശബ്ദ, ശ്രവണ സഹായികൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക.
7) ഇതേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വ്യക്തികൾ, സഭകൾ, ദേശീയവും, അന്തർദേശീയവുമായ സംഘടനകൾ എന്നിവരുമായി പങ്കു ചേർന്ന് ഹരിയാനയെ സുവിശേഷീകരിക്കുവാൻ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുക.








**പങ്കാളിത്വം**

ആത്മികമായി വളരെ ദരിദ്രാവസ്ഥയിലായിരിക്കുന്ന ഹരിയാന സംസ്ഥാനത്തെ സുവിശേഷീകരിക്കുവാനുള്ള ദൗത്യത്തിൽ പങ്കാളിയാകുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? താഴെ പറയുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് ഞങ്ങളെ സഹായിക്കാം.

**1) പങ്കാളിയാകുക**

ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ഈ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുവാൻ മറ്റുള്ളവരെ ഉത്സാഹിപ്പിക്കുകയും ചെയ്യുക.

**2) സന്ദർശിക്കുക**

ഞങ്ങളുടെ പ്രവർത്തന സ്ഥലങ്ങൾ സന്ദർശിച്ച് പുതിയ വിശ്വാസികൾക്കും നേതൃത്വത്തിനും പ്രോത്സാഹനം നൽകുക.

**3) സാമ്പത്തികമായി സഹായിക്കുക**

യേശുക്രിസ്തുവിന്റെ സുവിശേഷവുമായി ഉൾപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഒരു മിഷണറി കുടുംബത്തെ എങ്കിലും സാമ്പത്തികമായി സഹായിക്കുക. ദൈവരാജ്യത്തിന് വേണ്ടിയുള്ള അവരുടെ പ്രയത്നങ്ങളിൽ പങ്കാളിയാവുക. ഒരു മിഷണറി കുടുംബം സുവിശേഷം എത്തിയിട്ടില്ലാത്ത 10 ഗ്രാമങ്ങളെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. 5 വർഷത്തിനുള്ളിൽ പ്രവർത്തന മേഖലകളിലെല്ലാം അവർ വീട്ടുസഭകൾ സ്ഥാപിക്കുന്നു.

**4) സുവിശേഷ യോഗങ്ങളും കോൺഫ്രൻസുകളും**

യേശുക്രിസ്തുവിങ്കലേക്ക് ചിലരെയെങ്കിലും വഴി നടത്തുക. സംസ്ഥാനത്തുള്ള എല്ലാ വിശ്വാസികളേയും ഒരുമയോടെ ക്രിസ്തുവിന്റെ സ്നേഹം പങ്ക് വയ്ക്കുക എന്ന ദൗത്യത്തിൽ ഒന്നിച്ച് അണി നിരത്തുക തുടങ്ങിയ ലക്ഷ്യത്തോടെ സുവിശേഷയോഗങ്ങളും കോൺഫ്രൻസുകളും നടത്തുന്നു.

**5) ഗ്രാമീണ വികസന പദ്ധതികൾ**

പരാശ്രയം കൂടാതെ ജീവിക്കത്തക്കനിലയിൽ ഗ്രാമങ്ങളിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും പരിശീലനം നൽകി അവർക്ക് ശോഭനമായ ഭാവി ഉറപ്പു വരുത്തുന്നു.

**6) വയോജന വിദ്യാഭ്യാസം**

പ്രായമായവർക്ക് വിദ്യാഭ്യാസം നൽകി ദൈവവചനം വായിക്കുവാൻ പ്രാപ്തരാക്കുന്നു.

**7) ശിഷ്യത്വ പരിശീലന സ്കൂൾ**

വചനം പഠിപ്പിച്ച് പുതിയ തലമുറയെ ലക്ഷ്യബോധമുള്ളവരാക്കി തീർക്കുന്നു. സഭകളെ കേന്ദ്രീകരിച്ച് ഹൃസ്വകാല പാഠ്യപദ്ധതികളും, പരിശീലനവും നൽകി നേതാക്കന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

**8) കമ്യൂണിറ്റി ഹാളുകൾ**

ഗ്രാമങ്ങളിൽ പ്രാർത്ഥനക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കുമായി ചെറിയ ഹാളുകൾ പണിയുന്നു.

**9)** സുവിശേഷ പ്രതികളുടെ വിതരണം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളോടൊപ്പം സൗജന്യമായി വൃക്ഷ തൈകൾ വിതരണം ചെയ്യുന്നു.

**10)** ചേരിപ്രദേശത്തും ഉൾപ്രദേശങ്ങളിലും വസിക്കുന്ന കുട്ടികൾക്ക് വേണ്ടി സൗജന്യ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു.









**KERALA OFFICE ADDRESS:** HARYANA MISSION, P. B. NO.7, PULAMON P.O., KOTTARAKKARA, KOLLAM DIST., KERALA STATE. 691531
**HARYANA OFFICE ADDRESS:** HARYANA MISSION, POST BOX -26, KARNAL P.O/ DISTT. HARYANA STATE, 132 001.
PH: +91-99463-39704. +91-94468-29046. princepastor@gmail.com



## അമേരിക്കൻ താൾ

# യേശുദേവന് ഗാനാർച്ചനയുമായി വിനോദ് സിംഹനും കമലമ്മയും

യേശുദേവനെന്റെ പേർക്ക് യാഗമായ്
കാൽവറിയിൽ ഊറ്റിയോരു രക്തമാണ്
ഇന്നെനിക്ക് പാപമോചനത്തിനായ്
ഉള്ളതെന്ന സത്യമിന്നു ബോദ്ധ്യമായ്
ശിഷ്ടമുള്ള എന്റെ ഭാവി ജീവിതം
നിനക്കിഷ്ടമുള്ളതാക്കി
വേർതിരിച്ചതാൽ
വിട്ടുപോന്നതൊന്നുമെന്റെ
ദൃഷ്ടികൾ-
ക്കിഷ്ടമായി ഭവിച്ചിടായ്ക
വേണമേ........

പത്തനംതിട്ട കുമ്പളാംപൊയ്കയിലെ പ്രസിദ്ധമായ ഈഴവ തറവാട്ടിൽ ജനിച്ചു വളർന്ന വിനോദ് സിംഹൻ രാരപ്പൻ, തന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയ യേശുദേവന് അക്ഷരാർച്ചനയുമായി സമർപ്പിച്ച അൻപതോളം ഗാനങ്ങളിൽ ആദ്യത്തേതിലെ വരികളാണിവ. കുമ്പളാംപൊയ്ക സി.എം.എസ്.ഹൈസ്കൂളിലെ അമ്മച്ചി സാർ മുതൽ ന്യൂയോർക്കിലെ ഐ.പി.എ.സഭയുടെ സ്ഥാപകൻ റവ.കെ.വി.കുര്യൻ വരെ നിരവധി പേരിലൂടെ യേശുവിനെ അറിഞ്ഞ് ക്രിസ്തുവിന്റെ സാക്ഷിയായി മാറിയ വിനോദ് സിംഹന്റെയും ഭാര്യ കമലമ്മയുടെയും ജീവിതകഥ സുദീർഘമായ ദൈവീക പരിപാലനത്തിന്റെ സാക്ഷ്യമാണ്. ആ കഥയിലേക്ക്:

വക്കീലും ഹൈസ്കൂൾ ഹെഡ്മാസ്റ്ററുമായിരുന്ന രാരപ്പന്റെയും വസുമതിയമ്മയുടെയും മകനായാണ് വിനോദ് സിംഹന്റെ ജനനം. പ്രശസ്തമായ ഈഴവ കുടുംബമായിരുന്നെങ്കിലും സ്ഥിരമായി അമ്പലത്തിൽ പോവുകയോ ഹൈന്ദവ ആചാരങ്ങൾക്ക് പ്രാധാന്യം കൊടുക്കുകയോ ചെയ്യാത്ത കുടുംബമായിരുന്നു.

സ്കൂളിലെ 'അമ്മച്ചി സാർ' എന്ന വിളിപ്പേരുണ്ടായിരുന്ന അദ്ധ്യാപിക നടത്തിയിരുന്ന വേദപാഠ ക്ലാസുകളിലൂടെയാണ് യേശുവിനെക്കുറിച്ച് ആദ്യമായി കേൾക്കുന്നത്. എങ്കിലും യേശു ക്രിസ്ത്യാനികളുടെ ദൈവം എന്നതിനപ്പുറമുള്ള അറിവില്ലായിരുന്നു. ക്ലാസിൽ ധാരാളം ക്രിസ്തീയ സ്നേഹിതരുണ്ടായിരുന്നെങ്കിലും ഒരാൾ പോലും യേശുവിനെ രക്ഷിതാവായി സ്വീകരിക്കണമെന്ന് പറഞ്ഞിട്ടില്ല. അമ്മച്ചി സാറിന്റെ വേദപാഠ ക്ലാസിൽ ഹൈന്ദവ കുട്ടികൾ പങ്കെടുക്കണമെന്ന് നിർബ്ബന്ധമില്ലായിരുന്നു. എങ്കിലും വിനോദ് ഒരു ക്ലാസും മുടക്കാതെ വേദപാഠം പഠിച്ചു. തന്റെ ജീവിത വിജയങ്ങളുടെ അടിത്തറ അമ്മച്ചി സാറിൽനിന്ന് പഠിച്ച സോഷ്യൽ ഡിസിപ്ലിനാണന്ന് വിനോദ് സിംഹൻ തുറന്നു പറയുന്നു.

വേദപാഠ ക്ലാസിൽ നിന്ന് ഒരു ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ അഡ്രസ് ലഭിച്ചു. അതിൽ ചേർന്നു. സ്വന്തം പേരിൽ വീട്ടിലേക്ക് ഒരു കത്ത് വരുന്നതിന്റെ കൗതുക്കമായിരുന്നു കറസ്പോണ്ടൻസ് കോഴ്സിൽ ചേരുവാനുള്ള പ്രചോദനം. പക്ഷേ ആ പാഠങ്ങൾ പഠിച്ചത് യേശുവിലേക്ക് എത്തിച്ചേരുവാനുള്ള ദൈവീകവഴികളിൽ ഒന്നായിരുന്നു.

സ്വന്തം മതത്തെയും അതിന്റെ ദൈവങ്ങളെയും അംഗീകരിക്കാനാവാതെ വന്നതിന് നിരവധി കാരണങ്ങളുണ്ട്. വിനോദിന്റെ മനസ്സിനെ ഉലച്ച ഒരു സംഭവം ഗായകൻ യേശുദാസുമായി ബന്ധപ്പെട്ടതാണ്. യേശുദാസ് ഗുരുവായൂർ അമ്പല നടയിൽ പാട്ടുപാടുവാൻ ശ്രമിച്ചു. പക്ഷേ യേശുദാസിന്റെ മുമ്പിൽ അമ്പലനട തുറക്കപ്പെട്ടില്ല. ദൈവം യൂണിവേഴ്സലാണെങ്കിൽ എല്ലാ മനുഷ്യരെയും ഒരുപോലെ കാണണ്ടേ എന്ന ചിന്ത വിനോദിന്റെ ബാലമനസ്സിൽ ചോദ്യചിഹ്നമായി മാറി.



അതു പോലെ തന്നെ തങ്ങളുടെ സമൂഹത്തിന്റെ ഏറ്റവും ആരാധ്യനായ വ്യക്തിയാണ് ശ്രീനാരായണ ഗുരു. അദ്ദേഹത്തിന്റെ പ്രധാന ഉപദേശമാണ് 'കള്ളു ചെത്തരുത്, കൊടുക്കരുത്, കുടിക്കരുത്' എന്നത്. എന്നാൽ സമുദായത്തിലെ അംഗങ്ങൾ പോലും അതിനൊരു വിലയും കല്പിക്കുന്നില്ല. ഇതൊക്കെ യഥാർത്ഥ ദൈവത്തിലേക്ക് നയിച്ച മനസ്സിന്റെ ചോദ്യങ്ങളായിരുന്നു.

ബി.എസ്.സി ബിരുദം നേടിയ ശേഷം കെ.എസ്.ആർ.ടി.സിയിൽ ജോലി ലഭിച്ചു. ഇതിനകം തന്നെ ക്രിസ്ത്യാനികളോടും അവരുടെ ദൈവമായ യേശുവിനോടും ഒരു പ്രത്യേക താല്പര്യം ഹൃദയത്തിൽ ഉടലെടുത്തു.

എങ്കിലും വിവാഹമാണ് ഒരു ദൈവ പൈതലാകുന്നതിലേക്ക് വിനോദ് സിംഹനെ നയിച്ച പ്രധാന സംഭവം. 1976-ലായിരുന്നു കോഴഞ്ചേരി സ്വദേശിയായ കമലമ്മയുമായുള്ള വിവാഹം നടക്കുന്നത്. അന്ന് കമലമ്മ അമേരിക്കയിൽ നേഴ്സാണ്. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ വച്ച് വിവാഹം നടന്നു. വിവാഹാനന്തരമാണ് കമല ഒരുരഹസ്യ ക്രിസ്ത്യാനിയാണെന്ന വിവരം വിനോദ് സിംഹൻ അറിയുന്നത്.

കമലമ്മയുടെ കഥ ഇങ്ങനെ:

കോഴഞ്ചേരി കിഴക്കുഭാഗത്ത് അമ്പലം, കുളം, കുര്യാല ഒക്കെയുള്ള പ്രസിദ്ധമായ ചെന്തിട്ട കുടുംബത്തിൽ വേലായുധൻ-ഗൗരി ദമ്പതികളുടെ മകളായി ജനിച്ചു. കുടുംബത്തിന് പാരമ്പര്യമുണ്ടെങ്കിലും വലിയ തകർച്ചകളിലൂടെ പോകേണ്ടി വന്നു.

കമലമ്മയുടെ മാതാവ് ഗൗരി നേരത്തെ തന്നെ യേശുവിൽ വിശ്വാസമർപ്പിച്ചിരുന്ന സ്ത്രീയായിരുന്നു. അയൽക്കാരായ ക്രിസ്ത്യാനി സ്നേഹിതരോടൊപ്പം മണർകാട് പള്ളിയിലും മറ്റും പോകുമായിരുന്നു. പ്രാർത്ഥിക്കുക, ബൈബിൾ വായിക്കുക, ക്രിസ്തീയ പാട്ടുകൾ പാടുക ഒക്കെ അമ്മ ചെയ്യുമായിരുന്നു. എങ്കിലും കമല പതിവായി അമ്പലത്തിൽ പോകുന്ന പെൺകുട്ടിയായിരുന്നു. ഓരോ തവണ അമ്പലത്തിൽ പോകുവാൻ ഇറങ്ങുമ്പോഴും അമ്മ പറയും "ജീവനുള്ള ദൈവത്തെയാണ് ആരാധിക്കേണ്ടത്."

അമ്മയുടെ വാക്കുകൾക്ക് അന്നൊന്നും വലിയ വില കല്പിച്ചില്ല.

ഭിലായിൽ നേഴ്സിംഗ് പഠിക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്തു ദർശനം ലഭിക്കുന്നത്. സഹപാഠിയായ അമ്മാൾ എന്ന കുട്ടി സ്വന്തം മുറിയിലിരുന്ന് അന്യഭാഷ പറഞ്ഞ് ആരാധിക്കുന്നതു കേട്ടു. എന്താണീ ശബ്ദമെന്നറിയാൻ കമല അവിടേക്ക് ചെന്നു. അമ്മാൾ കമലയെ കയറിപ്പിടിച്ച് ഒന്നിച്ച് പ്രാർത്ഥിക്കുവാൻ ക്ഷണിച്ചു. പക്ഷേ ഭയന്നു പോയ കമല സ്വന്തം റൂമിലേക്ക് മടങ്ങി. പക്ഷേ അന്നുരാത്രി രണ്ടു മണിയായപ്പോൾ മുറിക്കകത്ത് വലിയൊരു പ്രകാശം ഉണ്ടായി. കമല ശ്രദ്ധിച്ചു നോക്കിയപ്പോൾ അതിന്റെ മദ്ധ്യത്തിൽ ഒരു കുരിശ് പ്രത്യക്ഷപ്പെട്ടു. കമല മുട്ടുകുത്തി നിന്ന് സ്തോത്രം പറഞ്ഞു. പിന്നെ ആ കുരിശും പ്രകാശവും മുറി

ശേഷം പേജ് 7

## കേരളം പ്രളയക്കെടുതിയിൽ



**വെണ്ണാട്ട്കാട് ബഥേൽ ഐ.പി.സി.സഭ**

18 വർഷങ്ങൾക്ക് മുമ്പ് പാസ്റ്റർ തോമസ് ചാണ്ടിയുടെ പ്രവർത്തന ഫലമായി ഉടലെടുത്തതാണ് ഈ സഭ. ഐ.പി.സി.വെസ്റ്റ് സെന്ററിൽ ഉൾപ്പെട്ടതാണ് ഈ സഭാഹാളിനകത്ത് വെള്ളം കയറിയതിനാൽ ആരാധിക്കാൻ സ്ഥലമില്ലാതെ ബുദ്ധിമുട്ടുകയാണ് ഇവിടുത്തെ വിശ്വാസികൾ. 60-ൽപരം നിർദ്ധനരും ദുരിതമനുഭവിക്കുന്നവരുമായ വിശ്വാസികൾ ആരാധനക്കായി കൂടിവരുന്നു.

**ഫോൺ: 9447300334**



**മുട്ടാർ ചർച്ച് ഓഫ് ഗോഡ്**

ചർച്ച് ഓഫ് ഗോഡ് തലവടി സഭയുടെ ബ്രാഞ്ചായ മുട്ടാർ സഭാ ഹാളിൽ വെള്ളം നിറഞ്ഞ് ആരാധിക്കാൻ കഴിയാതെയായി. 22 വർഷം മുമ്പ് ആരംഭിച്ച് ഈ സഭയിൽ 8 കുടുംബങ്ങൾ ഉണ്ട്. പാസ്റ്റർ ജേക്കബ് മാത്യു, ഭാര്യ ബീന, മക്കൾ രൂഫ്സ, ജെറോസ് എന്നിവർ ഇവിടെ താമസിച്ച് ശുശ്രൂഷിക്കുന്നു. വിശ്വാസകൾ എല്ലാം തന്നെ നിർദ്ധനരും ദുരിതം അനുഭവിക്കുന്നവരുമാണ്. **ഫോൺ: 9744215543**



**നെടുമുടി ദൈവസഭ**

ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ദൈവസഭ. ദൈവസഭയുടെ ആലപ്പുഴ ഡിസ്ട്രിക്ടിലുള്ളതാണ് ഈ സഭ. തുടരെത്തുടരെയുണ്ടാകുന്ന വെള്ളപ്പൊക്കത്താൽ ഈ സഭ വളരെയധികം കഷ്ടം സഹിക്കുന്നു. ഈ പ്രാവശ്യത്തെ വെള്ളപ്പൊക്കത്തിൽ ഹോളിനകത്ത് ഒരു അടിയോളം വെള്ളം പൊങ്ങി. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ് ഇവിടെ ആരാധിക്കുന്നത്. പാസ്റ്റർ കെ.ജെ.ജെയിംസ് ഇവിടെ ശുശ്രൂഷിക്കുന്നു. **ഫോൺ: 9288451167.**



**തകഴി ദൈവസഭ**

10 വർഷങ്ങൾക്ക് മുമ്പ് പാസ്റ്റർ ജസ്റ്റിൻ സി. എക്സിനാൽ ഉടലെടുത്തതാണ് ഇവിടുത്തെ പ്രവർത്തനം. ദൈവദാസന്റെ ശ്രമഫലമായി അനേകർ ആരാധനക്കായി കൂടി വരുന്നു. ഇപ്പോൾ ആരാധനിക്കുന്ന സ്ഥലം വെള്ളപ്പൊക്കത്തിന്റെ പ്രശ്നത്താൽ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നു. **ഫോൺ: 8907103417.**

ഇത് ചില ഉദാഹരണങ്ങൾ മാത്രം. അനേക സഭകൾ വെള്ളപ്പൊക്കത്താൽ ബുദ്ധിമുട്ട് സഹിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയുടെ സഹകരണവും ഈ പ്രവർത്തനങ്ങൾക്കാവശ്യമാണ്.





**Susamachar Seva Mandali (SSM)**, a Pentecostal faith organization situated in the Heart of India, Bhopal, M.P., looking for qualified, Spirit-filled persons who have a call for North India for the following posts:


- Administrator.
- Church Ministry co-ordinator.
- Teachers with M.Th., (preferably Old Testament, History and Religion), to teach at Susamachar Theological College and Seminary (STCS), ATA accredited.

**Contact the Secretary by sending the resume/bio-data electronically at ssmbhopal@hotmail.com or send to:**

**Susamachar Seva Mandali (SSM)**

**PO Box 22, Piplani P.O., Bhopal, M.P - 462022.**

**0755 2751484 (Office) 08103879499 (Mob.)**




# ജെയിംസൺ സ്കൂൾ ഓഫ് മിനിസ്ട്രി മലയാളം ബൈബിൾ കോളജ്

## ഒരു പതിറ്റാണ്ട് പൂർത്തിയാക്കുന്നു

അമേരിക്കയിൽ മലയാളത്തിൽ ബൈബിൾ കോളജോ? അത്ഭുതപ്പെടേണ്ട. കഴിഞ്ഞ പത്തു വർഷമായി ജെയിംസൺ സ്കൂൾ ഓഫ് മിനിസ്ട്രിയുടെ ഭാഗമായി മലയാളം ബൈബിൾ കോളജ് വിജയകരമായി നടക്കുന്നു. നല്ല പ്രായത്തിൽ അമേരിക്കയിലെത്തി ജീവിതം കരുപ്പിടിപ്പിക്കുന്നതിനിടയിൽ ക്രമീകൃതമായ ദൈവവചന പഠനത്തിന് താല്പര്യമുണ്ടായിട്ടും സാധിക്കാതെ പോയവർ, സുവിശേഷ പ്രവർത്തനങ്ങളിൽ തൽപ്പരരായവർ, വിവിധ സമുദായ സഭകളിൽ നിന്ന് കൂടുതൽ വചനപഠനത്തോട് താൽപ്പര്യമുള്ളവർ ഇങ്ങനെ 75-ലധികം വിദ്യാർത്ഥികൾ ഇപ്പോൾ ജെയിംസൺ ബൈബിൾ കോളജിൽ വിവിധ കോഴ്സുകളിൽ പഠനം നടത്തുന്നു. 2003-ൽ ഫിലദൽഫ്യായിലാരംഭിച്ച കോളജിന് ഇപ്പോൾ ന്യൂയോർക്കിലും, ന്യൂജേഴ്സിയിലും സെന്ററുകളുണ്ട്. ഇതിനകം നൂറോളം പേർ വിവിധ വർഷങ്ങളിലായി ഗ്രാഡുവേറ്റ് ചെയ്തു കഴിഞ്ഞു.

കോട്ടയം സ്വദേശി പാസ്റ്റർ പി. സി.ചാണ്ടിയും ഭാര്യ ശലോമിയും ബഹറിനിൽ നിന്നാണ് അമേരിക്കയിലെത്തിയത്. ബഹറിനിൽ ജോലിയോടൊപ്പം 1991 മുതൽ ശാരോൻ ഫെലോഷിപ്പ് സഭയുടെ ശുശ്രൂഷകനുമായിരുന്നു പാസ്റ്റർ പി.സി.ചാണ്ടി. കാൽ നൂറ്റാണ്ടുകാലത്തെ ഗൾഫ് ജീവിതത്തിന് ശേഷം 2002-ൽ ന്യൂയോർക്കിലെ ഒരു സഭയുടെ ശുശ്രൂഷ ഏറ്റെടുക്കുക എന്ന താല്പര്യത്തോടെയാണ് ഈ കുടുംബം അമേരിക്കയിലെത്തിയത്. എന്നാൽ ദൈവത്തിന്റെ പദ്ധതി വ്യത്യസ്തമായിരുന്നു.



പാസ്റ്റർ പി.സി. ചാണ്ടിയും ഭാര്യ ശലോമിയും




*ബൈബിൾ സ്കൂൾ ജെയിസൺ ക്യാമ്പസിൽ*

പാസ്റ്റർ പി. സി. ചാണ്ടി തന്നെ ദൈവം തങ്ങളെ നയിച്ച വിധങ്ങൾ വിവരിക്കുന്നു. “ഞങ്ങൾ എയർപോർട്ടിലെത്തിയപ്പോൾ ദൈവശബ്ദം കേട്ടു “ഇതല്ല നിനക്ക് ശുശ്രൂഷക്കുള്ള സ്ഥലം”. ബഹറിനിൽ വച്ച് വർഷങ്ങൾക്ക് മുമ്പ് ഒരു ദൈവദാസനിലൂടെ ലഭിച്ച ആലോചന “വെള്ളക്കാരോട് ചേർന്ന് അനേകരെ ദൈവവചനം അഭ്യസിപ്പിക്കുമെന്നാ” യിരുന്നു. ഞങ്ങൾ അന്നത് അസാധ്യമെന്ന് ചിന്തിച്ച് ചിരിച്ചു തള്ളി.

ഏതായാലും സഭാ ശുശ്രൂഷ എടുക്കുന്നില്ലെന്ന് തീരുമാനിച്ചു. 6 മാസത്തെ വിസയുണ്ട്. അതിനകം ദൈവം വഴി തുറന്നാൽ ഇവിടെ നിൽക്കുക. അല്ലങ്കിൽ മടങ്ങുക എന്നതായിരുന്നു തീരുമാനം. ഫിലദൽഫിയയിലെ ഞങ്ങളുടെ ബന്ധുവായ സിസ്റ്റർ കുഞ്ഞുമറിയാമ്മ അന്ന് ജെയിംസൺ സ്കൂൾ ഓഫ് മിനിസ്ട്രിയിൽ പഠിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഗസ്റ്റിനെ കോളജിൽ കൊണ്ടുചെല്ലാം. ഒരു ദിവസം ആന്റി ഞങ്ങളെയും കൂട്ടിയാണ് ക്ലാസിൽ പോയത്. ഞങ്ങൾ ചെന്നപ്പോൾ വീൽ ചെയറിലിരുന്ന് പഠിപ്പിക്കുന്ന ഡോ.ഹോവാർഡ് ജെയിംസണെ കണ്ടു. വൃദ്ധനായ ആ ദൈവദാസൻ ഞങ്ങളെ കണ്ടതും ആത്മാവിൽ ഇപ്രകാരം പ്രവചിച്ചു “ദൈവമാണ് നിങ്ങളെ ഇവിടേക്കയച്ചത്. നിങ്ങൾക്ക് ഇവിടെ മിനിസ്ട്രിയുണ്ട്.”


അദ്ദേഹം തന്റെ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നതിനുള്ള സ്പോൺസർഷിപ്പ് നൽകുവാൻ തയ്യാറായി. എന്നാൽ വിസക്കുള്ള പ്രോസസിംഗ് ആരംഭിച്ചപ്പോൾ അറ്റോർണി പറഞ്ഞു "This will not work', കാരണം ജെയിംസൺ ഒരു ചാരിറ്റി ഓർഗനൈസേഷനാണ്. രണ്ടാമത് വിസിറ്റ് വിസയിൽ അമേരിക്കയിലെത്തിയവർക്ക് ഒരു കാരണവശാലും ഇത്തരമൊരു സ്പോൺസർഷിപ്പിൽ ഇവിടെ നിൽക്കാനുള്ള വിസ ലഭിക്കില്ല. അദ്ദേഹം നിരുത്സാഹപ്പെടുത്തിയെങ്കിലും ഞങ്ങൾ ദൈവാലോചനപ്രകാരം പേപ്പർ വർക്കുകൾ തുടരുവാൻ പറഞ്ഞു. ഒടുവിൽ ഞങ്ങൾക്ക് വിസ ലഭിച്ചപ്പോൾ അറ്റോർണി പോലും അത്ഭുതപ്പെട്ടു.

അങ്ങനെ ജെയിംസൺ സ്കൂളിന്റെ പ്രവർത്തകനായി ഹൈന്ദവർക്കിടയിൽ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ തുടങ്ങി. ഒപ്പം ഒരു ഹോട്ടലിൽ ജോലിയും ലഭിച്ചു. ഇങ്ങനെ തുടരവെയാണ് 2003-ൽ ഡോജെയിംസൺ ദൈവാലോചനയായി ഒരു ചോദ്യം ചോദിച്ചു. “ചാണ്ടിക്കെന്തു കൊണ്ട് ഇന്ത്യൻ ലാംഗ്വേജിൽ ഒരു ബൈബിൾ സ്കൂൾ തുടങ്ങിക്കൂടാ? ” ഞങ്ങൾ ദൈവത്തെ സ്തുതിച്ചു. ഇതേ കാര്യം ഞാനും ഭാര്യയും കുഞ്ഞുമറിയാമ്മ ആന്റിയും കൂടെ കാറിലിരുന്ന് പറഞ്ഞുകൊണ്ടാണ് അന്ന് ഞങ്ങൾ കോളജിലെത്തിയത്.

ജെയിംസന്റെ ഭാഗമായി ഇപ്രകാരമൊരു കോഴ്സ് ആരംഭിക്കുന്നതിനെക്കുറിച്ച് നിരവധി മലയാളി ദൈവദാസന്മാരോട് ഞാൻ സംസാരിച്ചു. പക്ഷേ ഒരിക്കലും അമേരിക്കയിൽ ഇത് വിജയിക്കില്ലെന്നായിരുന്നു എല്ലാവരുടെയും പ്രതികരണം. എന്നാൽ വിശ്വാസത്തോടെ ഒരു 300 കോപ്പി നോട്ടീസ് അച്ചടിക്കുവാൻ തീരുമാനിച്ച് ന്യൂയോർക്കിലെ ലിവിംഗ് വാട്ടർ പ്രസിൽ കൊടുത്തു. അദ്ദേഹം ഇതൊരു നല്ല കാര്യമാണല്ലോ എന്നു പറഞ്ഞ് മുന്നൂറിന് പകരം നാലായിരം നോട്ടീസ് സൗജന്യമായി അടിച്ചു തന്നു.

ആദ്യബാച്ചിൽ 40 പേർ പഠനമാരംഭിച്ചു. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസ്. ആ ബാച്ച് മൂന്നു വർഷം കഴിഞ്ഞപ്പോൾ 18 പേർ ഗ്രാജുവേറ്റ് ചെയ്തു. 2006-ൽ ന്യൂയോർക്കിലും 2011-ൽ ന്യൂജേഴ്സിയിലും ക്ലാസുകൾ ആരംഭിച്ചു.

പെന്തെക്കോസ്തുകാർ മാത്രമല്ല, ദൈവവചനം പഠിക്കുവാൻ താല്പര്യമുള്ള എല്ലാവർക്കും പ്രായ വ്യത്യാസമെന്യേ അഡ്മിഷൻ നൽകും. യാക്കോബാ, മാർത്തോമ്മ, സിഎസ്.ഐ., ബ്രദറൺ സഭാംഗങ്ങൾ വരെ ഇപ്പോൾ പഠിക്കുന്നു.



**ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ**


അമരിക്കയിലെ സഭകളിൽ പാസ്റ്റർമാർക്ക് ഒരു കുറവുമില്ല. കുറെ പാസ്റ്റർമാരെക്കൂടെ സൃഷ്ടിക്കുക എന്നതല്ല ഞങ്ങളുടെ ലക്ഷ്യം-സുവിശേഷവേല വിവിധ മാധ്യമങ്ങളിലൂടെ ചെയ്യുവാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. ഒപ്പം നല്ല വചന നിശ്ചയത്തോടെ സൺഡേസ്കൂൾ ക്ലാസെടുക്കുവാനും, സഭയിൽ ശക്തമായി പ്രയോജനപ്പെടുവാനും ഇവിടെ പഠിക്കുന്നവർക്ക് സാധിക്കുന്നു എന്നത് കഴിഞ്ഞ 10 വർഷത്തെ അനുഭവം കൊണ്ട് ബോധ്യമായതാണ്.

പ്രഗത്ഭരായ 12 അദ്ധ്യാപകർ ക്ലാസുകൾ എടുക്കുന്നു. ഡോക്ടറേറ്റ് ഉള്ളവരും എംടിഎച്ച് യോഗ്യതയെങ്കിലും ഉള്ളവരുമാണ് അദ്ധ്യാപകരിൽ ഭൂരിപക്ഷവും.,

കിടങ്ങന്നൂർ മായാലിൽ എം.ജി. തോമസ്-അന്നമ്മ ദമ്പതികളുടെ മകളാണ് ശലോമി. ഈ ദമ്പതികളുടെ മൂത്തപുത്രൻ പാസ്റ്റർ ചാൾസ് ചാണ്ടി ചണ്ഡീഗഡിൽ സഭാ ശുശ്രൂഷകനാണ്. മറ്റു രണ്ടു മക്കൾ അമേരിക്കയിൽ. ക്രിസ് ചാണ്ടി, സ്റ്റീവ് ചാണ്ടി.

**മലയാളം ബൈബിൾകോളജിൽ പഠിക്കുവാനും കൂടുതൽ വിവരങ്ങൾക്കും:**
**റവ.പി.സി.ചാണ്ടി**
**215 330 0674, 215 207 1218**
**schoolsoftheology@yahoo.com**
**www.biblejsm.com**

### ഡോ.ഹോവാർഡ് ജെയിംസൺ



ഫിലദൽഫ്യാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജെയിംസൺ സ്കൂൾ ഓഫ് മിനിസ്ട്രിയുടെ സ്ഥാപകൻ റവ. ഡോ. ഹോവാർഡ് ജെയിംസനാണ്. 8-ാം വയസിൽ ദൈവവചനം പ്രസംഗിച്ചു തുടങ്ങിയ ഇദ്ദേഹം പിൽക്കാലത്ത് ലോകപ്രശസ്ത ടെന്റ് സുവിശേഷകനായി മാറി. ലോകത്തിലെ 44 രാജ്യങ്ങളിൽ അദ്ദേഹം യാത്ര ചെയ്ത് പ്രസംഗിച്ചു.

ഒരിക്കൽ ടെന്റ് ക്രൂസേഡ് നടത്തവേ കുഴഞ്ഞു വീണ അദ്ദേഹം കാൻസർ രോഗബാധിതനാണെന്ന് തിരിച്ചറിഞ്ഞു. പിന്നീട് ജീവിതകാലം മുഴുവൻ വീൽ ചെയറിലിരുന്നാണ് ഇദ്ദേഹം മിനിസ്ട്രി ചെയ്തത്. 2009 ഡിസംബർ 13ന് 73-ാം വയസ്സിൽ അദ്ദേഹം നിര്യാതനായി. മരണം വരെ തന്റെ സ്ഥാപനത്തിൽ സജീവമായിരുന്നു. ഇപ്പോൾ മകൻ റവ. ബൈറൺ ജെയിംസൺ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

### ജെയിംസൺ സ്കൂൾ ഓഫ് മിനിസ്ട്രി ഏഴാമത് വാർഷിക കൺവൻഷൻ

ന്യൂയോർക്ക്: ജെയിംസൺ സ്കൂൾ ഓഫ് മിനിസ്ട്രിയുടെ ഏഴാമത് വാർഷിക കൺവൻഷൻ ആഗസ്റ്റ് 30 മുതൽ സെപ്തംബർ 1 വരെ ന്യൂയോർക്കിലെ ക്യൂൻസ് വില്ലേജിലെ ഇന്ത്യാ പെന്തെക്കോസ്ത് ചർച്ചിൽ നടക്കും. ജെയിംസൺ ഇവാഞ്ചലിസ്റ്റിക് അസോസിയേഷന്റെ പ്രസിഡന്റ് റവ.ബൈറോൺ ജെയിംസൺ, കോട്ടയം ഐ.പി.സി.സെമിനാരിയുടെ പ്രിൻസിപ്പാൾ റവ.എബി പീറ്റർ എന്നിവർ പ്രസംഗിക്കും.

## ഫസ്റ്റ് ഐ.പി.സി. ജൂബിലി കൺവൻഷൻ

ഓക്കലഹോമ: ഫസ്റ്റ് ഇന്ത്യാ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് സഭയുടെ ജൂബിലി കൺവൻഷനും റിവൈവൽ മീറ്റിംഗും ഓഗസ്റ്റ് 23-24 വരെ 1001 നോർത്ത് കൗൺസിൽ റോഡ്, ഒക്കലഹോമാ സിറ്റി ചർച്ചിൽ നടക്കും. ഇന്ത്യാ ബൈബിൾ കോളജ് ആന്റ് സെമിനാരി ഡയറക്ടർ റവ. ഡോ.റ്റി.വത്സൻ ഏബ്രഹാമാണ് മുഖ്യ പ്രസംഗകൻ. റിവൈവൽ മീറ്റിംഗ്, ജൂബിലി താങ്ക്സ് ഗിവിംഗ് സേർവീസും നടക്കും. പാസ്റ്റർ എം. ഒ. ശാമുവേൽ, പാസ്റ്റർ പി.സി.ജേക്കബ്, ബ്രദർ സണ്ണി കൊടുന്തറ, ബ്രദർ അലക്സ് വർഗീസ് എന്നിവർ നേതൃത്വം നൽകും. ഫോൺ 405-494-4956

## അറ്റ്ലാന്റാ ഐ.പി.സി. വാർഷീക കൺവൻഷൻ

**അറ്റ്ലാന്റാ:** അറ്റ്ലാന്റാ ഐ.പി.സി സഭയുടെ വാർഷിക കൺവൻഷൻ ആഗസ്റ്റ് 16-17 വരെ ലോറൻസ്‌വില്ലയിൽ നടക്കും. ഡോ. മാത്യു ജോർജ്ജ്, ബഹറിൻ മുഖ്യ പ്രസംഗകനായിരിക്കും. അറ്റ്ലാന്റാ ഐ.പി.സി.സഭയുടെ മ്യൂസിക്ക് ടിം ഗാനങ്ങൾ ആലപിക്കുമെന്ന് മ്യൂസിക്ക് ഡയറക്ടർ ഏബ്രഹാം തോമസ് അറിയിച്ചു. സഭയുടെ സീനിയർ പാസ്റ്റർ വി.പി.ജോസ്, അസോഷ്യേറ്റ് പാസ്റ്റർ സിബി കുരുവിള എന്നിവർ നേതൃത്വം നല്കും.

## യേശുദേവന് ഗാനാർച്ചനയുമായി വിനോദ് സിംഹനും കമലമ്മയും

*6-ാം പേജ് തുടർച്ച*

യിൽ നിന്ന് പുറത്തേക്ക് മാഞ്ഞുപോയി. ഈ അനുഭവത്തോടെ യേശുവാണ് സത്യദൈവം എന്ന് വ്യക്തമായ ബോധ്യമുണ്ടായി. എങ്കിലും ആരാധനക്കുള്ള അവസരമോ ആത്മീയമായി വളരുവാനുള്ള സാഹചര്യമോ ലഭിച്ചിരുന്നില്ല. യേശുവിന്റെ പടമുള്ള കലണ്ടറിന് മുന്നിൽ നിന്ന് കർത്താവേ എന്ന് വിളിക്കുന്നതാണ് ആകെ ചെയ്യുന്ന പ്രാർത്ഥന.

1973-ൽ അമേരിക്കയിലെത്തി ജോലിയിൽ പ്രവേശിച്ചു. 1976-ൽ വിവാഹിതയായി. ദൈവം എന്നെ മുന്നമേ കണ്ടിരുന്നതിനാലാണ് യേശുവിനെ സ്നേഹിക്കുന്ന ഒരാളെത്തന്നെ എനിക്ക് ഭർത്താവായി തന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

അമേരിക്കയിലെത്തിയ ആദ്യകാലങ്ങളിലൊന്നും സഭയുമായുള്ള ബന്ധമൊന്നും ഉണ്ടായില്ല. ടി.വിയിൽ വരുന്ന സുവിശേഷപ്രസംഗങ്ങൾ കേൾക്കും. ഒടുവിൽ പാസ്റ്റർ കെ.വി.കുര്യന്റെ ടി.വി.പ്രസംഗം ഞങ്ങളെ ആകർഷിച്ചു. ഇതിനകം തന്നെ നിരവധി ദൈവദാസന്മാർ ഞങ്ങളെ കണ്ടുമുട്ടുകയും പ്രാർത്ഥിക്കുകയും ഒക്കെ ചെയ്തിരുന്നു. പോൾ ഗോപാലകൃഷ്ണന്റെ ചില ക്ലാസുകളുടെ കസറ്റ് കേട്ടത് ദൈവവചനം കൂടുതൽ ആഴത്തിൽ പഠിക്കുവാൻ പ്രചോദനമായി മാറി. 1994-ൽ പാസ്റ്റർ കെ.വി.കുര്യന്റെ കൈക്കീഴിൽ സ്നാനമേറ്റ് ന്യൂയോർക്കിൽ ഇന്ത്യാ പെന്തെക്കോസ്ത് അസംബ്ലിയിൽ അംഗമായി. ഇന്ന് കുടുംബമായി ദൈവകൃപയുടെ സന്തോഷം അനുഭവിക്കുകയും, തങ്ങളാലാവോളം സുവിശേഷ പ്രവർത്തനങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും പങ്കാളികളാകുന്നു.

ദൈവസ്നേഹത്തെ വർണ്ണിക്കുന്ന ഒട്ടനവധി ഗാനങ്ങൾ വിനോദ് സിംഹൻ രചിച്ചിട്ടുണ്ട്. അവയിൽ ചിലത് സി.ഡി.ആയും പുറത്തിറക്കിയിട്ടുണ്ട്. രണ്ട് മക്കളാണീ ദമ്പതികൾക്ക് അജയ്, മായ. ഇരുവരും വിവാഹിതരും കുടുംബമായി ദൈവകൃപയിൽ നില്ക്കുന്നവരുമാണ്.

## ഓർഡിനേഷൻ ലഭിച്ചു

പത്തനാപുരം: ഐ.പി.സി. മുറിഞ്ഞുകൽ സഭയിൽ നടന്ന മാസയോഗത്തിൽ സുവി.വിൺസൺ ഇട്ടി, സുവി.ജോസ് ജെയിംസ് എന്നിവർക്ക് പാസ്റ്റർ കെ.സി.തോമസ്, പാസ്റ്റർ സാം ജോർജ്ജ്, പാസ്റ്റർ ഇ.സി.ജോർജ്ജ് എന്നിവർ കൈവെപ്പ് ശുശ്രൂഷ നൽകി.

## കൺവൻഷൻ

**ലണ്ടൻ:** വെസ്റ്റ് ലണ്ടൻ ചർച്ച് ഓഫ് ഗോഡ് വാർഷിക കൺവൻഷൻ ആഗസ്റ്റ് 8,9 തീയതികളിൽ സൗത്താളിൽ നടക്കും.

സീനിയർ കാർഡിയോളജിസ്റ്റ്, ട്രൈബൽ മിഷൻ ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്ന ഡോ.കെ.മുരളീധരൻ മുഖ്യപ്രസംഗകനായിരിക്കും. ആരാധനക്ക് സാം മാത്യുവും ജെറി മാത്യുവും നേതൃത്വം നൽകും.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.




**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**
Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,**
**പത്തനംതിട്ട (Dist).**


## പ്രീ മാരിറ്റൽ കൗൺസലിംഗ്

നെടുമ്പാശ്ശേരി: ഐ.പി.സി.നെടുമ്പാശ്ശേരി ഏരിയാ പി.വൈ.പി.എ.യുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 28-ന് അങ്കമാലി സി.എസ്.ഐ.ആഡിറ്റോറിയത്തിൽ പ്രീ മാരിറ്റൽ കൗൺസലിംഗ് സെമിനാർ നടക്കും. പ്രവേശനം സൗജന്യമായിരിക്കും. ഐ.പി.സി.നെടുമ്പാശ്ശേരി ഏരിയാ കൺവീനർ പാസ്റ്റർ സണ്ണി മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർ വി.പി.ഫിലിപ്പ് ക്ലാസുകൾ നയിക്കും. ഇവാ.ജിതിൻ ജോസഫ്, ഇവാ.ഡിനോ ഡേവിഡ് എന്നിവർ നേതൃത്വം നൽകും.

## കേരള സുവിശേഷ യാത്ര

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ് തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ സ്ഥലങ്ങളും സഞ്ചരിച്ച് പരസ്യയോഗങ്ങളും, മിനി കൺവൻഷനുകളും നടത്തുന്നു.

ആഗസ്റ്റ് 26-ന് ഡിസ്ട്രിക്ട് സൂപ്രണ്ട് റവ.ടി.ജെ.സാമുവേൽ പ്രാർത്ഥിച്ച് ആരംഭിക്കും. ഡയറക്ടർ പാസ്റ്റർ ഷൈജു തങ്കച്ചനും ഇവാഞ്ചലിസം കമ്മറ്റിയും നേതൃത്വം നൽകും.

## സുവിശേഷകന് മർദ്ദനമേറ്റു

**കണ്ണൂർ:** കണ്ണൂർ നോർത്ത് സെന്ററിലെ പുതിയ പ്രവർത്തന സ്ഥലമായ അഴീക്കോട് പ്രവർത്തിക്കുന്ന സുവി.സാമുവേൽ വി.വി.ക്ക് മർദ്ദനമേറ്റു. താമസിക്കുന്ന ഭവനത്തിൽ നിന്ന് ഒരു കിലോമീറ്റർ അകലെയുള്ള അക്രൈസ്തവ ഭവനത്തിൽ ഒരു സഹോദരനുമായി പോയി മടങ്ങിവരുമ്പോൾ ഒരു കൂട്ടം സുവിശേഷവിരോധികളാണ് ആക്രമിച്ചത്.


**MANASA COLLEGE OF NURSING**
(Approved by INC & KNC and Affiliated to RGUHS Banglore)
Hosur Main Road, Malur, Bangalore
**B.Sc. (N) | Gen. (N)**
**P.C. B.Sc.(N) | M.Sc.(N)**
Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty






# PEACE FORCES BIBLE COLLEGE

**POST BOX NO. 29, MIRA ROAD (E),**
**THANE - 401107, MAHARASHTRA**

Invite applications from Pastors, Lay Leaders, and
Believers (men & women) for the next Academic Year 2013-2014.

**A GOLDEN OPPORTUNITIY TO GET**
MASTER OF DIVINITY
(ATA)
(External program of IPCKTS, Kerala)
*Eligibility:*
**Degree in any discipline or B. Th**
**Course commence on September 20, 2013**

**EVENING BIBLE COLLEGE PROGRAM**
**FOR ALL**
DIPLOMA IN
CHRISTIAN MINISTRY
**Duration: 1 year**
**Medium: English,Hindi**

**Contact: Peace Forces Bible College, Post Box No. 29, Mira Road (E),**
**Thane - 401107, Maharashtra. Ph: 9702677092, 9969268412**
**E-mail: peaceforces.mumbai@gmail.com Web: www.peaceforces.org**

# നല്ലവനായ ഏശാവ്



സാജു ജോർജ്, ഉറുകുന്ന്

സമൂഹത്തിൽ ആരും തിന്മ ചെയ്യുന്നവരായി ജനിക്കുന്നില്ല. സാഹചര്യമാണ് അവനെ അങ്ങനെയാക്കുന്നത്. അതിനുദാഹരണങ്ങൾ ആത്മീയജീവിതത്തിലും ഭൗതിക ജീവിതത്തിലും നമുക്ക് ദർശിക്കാൻ കഴിയും. അബ്രഹാമിന്റെ മകനായ യിസഹാക്കിന്റെ രണ്ടു പുത്രന്മാരാണ് ഏശാവും യാക്കോബും. അവർ രണ്ടു ജാതിയായും രണ്ടു വംശമായും വിളങ്ങി നിൽക്കുന്നു. ഏശാവ് വേട്ടയിൽ സമർത്ഥനും വനസഞ്ചാരിയുമായിരുന്നു. എന്നാൽ യാക്കോബ് സാധുശീലനും കൂടാരവാസിയും ആയിരുന്നു. എല്ലാ ക്രൈസ്തവ വിശ്വാസികളുടേയും ചിന്താരീതിയിൽ യാക്കോബ് നല്ലവനും ഏശാവ് പാപിയുമായിട്ടാണ് കരുതുന്നത്. ഏശാവ് എന്ന വ്യക്തിയിൽ നല്ല ഗുണങ്ങൾ അടങ്ങിയിരിക്കുന്നു. പിതാവായ യിസഹാക്കിന്റെ ആത്മീയ - ഭൗതിക കാഴ്ചപ്പാടിന്റെ നഷ്ടപ്പെടലാണ് ഏശാവിനെ തിന്മയിലേക്ക് നയിച്ചത്. മാത്രമല്ല ഏശാവിന്റെ സഹോദരനായ യാക്കോബിന്റെയും മാതാവായ റിബേക്കയുടേയും പങ്ക് ചെറുതല്ലായിരുന്നു. നല്ലവനായ ഏശാവാണെന്ന് തെളിയിക്കുന്ന വിവിധ സാഹചര്യങ്ങൾ

**1. യിസഹാക്ക് ഏശാവിനെ അധികം സ്നേഹിച്ചു.**

യിസഹാക്ക് ഏശാവിനെ വളരെയധികം സ്നേഹിച്ചു കാരണം വേട്ടയിൽ സമർത്ഥനും രുചികരമായ ഭോജനം ഉണ്ടാക്കി കൊടുക്കുന്നവനും ആയിരുന്നു. മാത്രമല്ല ചുവന്നവനും ദേഹം മുഴുവനും രോമംകൊണ്ടു നിറഞ്ഞവനുമായിരുന്നു. ഇന്നത്തെ മനുഷ്യൻ സ്നേഹത്തിനായി ദാഹിക്കുന്നു. ധനം, ജോലി, അധികാരം തുടങ്ങിയവയുണ്ടെങ്കിൽ സ്നേഹം നമ്മെ തേടിയെത്തും. മാത്രമല്ല ഒരു വ്യക്തിയുടെ (പുരുഷൻ അല്ലെങ്കിൽ സ്ത്രീ) സ്നേഹം ലഭിക്കാൻ ഏതു വളഞ്ഞ വഴി തേടും. നമ്മുടെ ദൈവം എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്നവനാണ്. അവനിൽ മുഖപക്ഷം ഇല്ല.

**2. വേഗത്തിൽ വേട്ടയിറച്ചി കിട്ടിയത്**

യിസഹാക്ക് ഏശാവിനോട് എനിക്കുവേണ്ടി വേട്ടതേടി എനിക്കു ഇഷ്ടവും രുചികരവുമായ ഭോജനം ഉണ്ടാക്കി, ഞാൻ മരിക്കുംമുമ്പേ തിന്നു നിന്നെ അനുഗ്രഹിക്കേണ്ടതിനു എന്റെ അടുക്കൽ കൊണ്ടുവരിക എന്നു പറഞ്ഞു (ഉല്പ. 27:4). ഏശാവ് ഭോജനത്തിനായി ഭവനത്തിൽ നിന്നും യാത്ര തിരിച്ചു. അവൻ പോയ സമയം നോക്കി യാക്കോബ് രുചികരമായ ഭോജനവുമായി അപ്പന്റെ അടുക്കൽ വന്നു. ഏശാവിനു ഒരു വേട്ടമൃഗം ലഭിക്കാൻ എത്ര സമയം വേണ്ടിവരുമെന്നു യിസ്ഹാക്കിന് വർഷങ്ങൾകൊണ്ട് അറിയാം. മാത്രമല്ല ആ ദിവസം ഏശാവ് ഏറ്റവും നല്ലതിനു വേണ്ടി കൂടുതൽ സമയം ചെലവഴിക്കുമെന്ന് യിസ്ഹാക്ക് മറന്നുപോയി (ഉല്പ. 27:20). ആത്മീയ കാഴ്ചപ്പാട് നഷ്ടപ്പെട്ടതുകൊണ്ട് യാക്കോബിന്റെ ചതിയിൽ വീണത്.

ക്രൈസ്തവ ജീവിതത്തിൽ നാം അറിയാതെ തിന്മകൾ കയറിവരും. അതിനെ നേരിടാൻ ആത്മീയ കാഴ്ചപ്പാട് നഷ്ടപ്പെടാതെ ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കണം.

**3. യാക്കോബിന്റെ സ്വരം വ്യക്തമായി തിരിച്ചറിഞ്ഞില്ല**

യിസ്ഹാക്ക് തന്റെ ഇളയമകനായ യാക്കോബിനെ വേണ്ടവിധം സ്നേഹിച്ചില്ല. അവനെ ലാളിക്കുകയോ സംസാരിക്കുകയോ ചെയ്യുവാൻ വേണ്ടി അധികസമയം കണ്ടെത്തിയില്ല. സാധാരണയായി ഏശാവ് വൃദ്ധനായ യിസ്ഹാക്കിന്റെ അടുക്കൽ ചെല്ലുമ്പോൾ “ഞാൻ നിന്റെ മകൻ, നിന്റെ ആദ്യജാതൻ ഏശാവ്” (ഉല്പ. 27:32) എന്നാണ് പറയുന്നത്. പക്ഷെ ഏശാവായി അഭിനയിച്ച യാക്കോബ് അപ്പന്റെ മുമ്പിൽ പറഞ്ഞത് “ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്’ (ഉല്പ. 27:19) എന്നാണ്. യാക്കോബിന്റെ സംസാരശൈലി കേട്ടിട്ടു യാക്കോബാണോ അതോ ഏശാവാണോ എന്ന സംശയം ഉദിച്ചുവെങ്കിലും യിസ്ഹാക്കിനു വ്യക്തമായി തിരിച്ചറിയാൻ കഴിഞ്ഞില്ല. യിസ്ഹാക്കിന്റെ പുറമേയുള്ള കണ്ണിന്റെ കാഴ്ച പോയെങ്കിലും അകമേയുള്ള കണ്ണ് പ്രകാശിച്ചിരുന്നെങ്കിൽ യാക്കോബിന്റെ ചതിയിൽ വീഴുകയില്ലായിരുന്നു.

നാം പലപ്പോഴും ദൈവശബ്ദത്തിനായി കാതോർക്കുന്നു. ഈ കാലഘട്ടത്തിൽ നമ്മെ തേടിയെത്തുന്നത് ദൈവവിളിയാണോ സാത്താന്യ വിളിയാണോ എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. നാം ദൈവവചനം വായിച്ച് പ്രാർത്ഥിച്ച് ദൈവത്തോട് ആലോചന ചോദിക്കണം.

**4. വാസന തിരിച്ചറിഞ്ഞില്ല**

ഏശാവിന്റെ ശരീരം മുഴുവൻ രോമം കൊണ്ടുള്ള വസ്ത്രം പോലെയായിരുന്നു. ഈ കാര്യം യിസ്ഹാക്കിനു നല്ലതുപോലെ അറിയാം. യാക്കോബിന്റെ അമ്മയായ റിബേക്ക ഏശാവിന്റെ വിശേഷവസ്ത്രം ധരിപ്പിച്ചു. എന്നിട്ട് കോലാട്ടിൻ കുട്ടികളുടെ തോൽകൊണ്ടു അവന്റെ കൈകളും രോമമില്ലാത്ത കഴുത്തും പൊതിഞ്ഞു അപ്പന്റെ അടുക്കൽ അനുഗ്രഹത്തിനായി പറഞ്ഞുവിട്ടു (ഉല്പ. 27:16). എന്നാൽ യിസ്ഹാക്ക് കോലാട്ടിൻകുട്ടികളുടെ തോലിന്റെ വാസനയും യാക്കോബിന്റെ വാസനയും തിരിച്ചറിഞ്ഞില്ല. പിന്നെ ഏശാവിന്റെ വിശേഷവസ്ത്രത്തിന്റെ വാസന മണത്തു യാക്കോബിനെ അനുഗ്രഹിച്ചു. (ഉല്പ. 27:27).



ഇന്നത്തെ ക്രൈസ്തവലോകത്തിൽ ആട്ടിൻതോലിട്ട കുറുക്കന്മാർ ഉണ്ട്. നാം ഇവരെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ തീരാ ദു:ഖമായി മാറും. അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. (1 യോഹ. 1:6, 2:9).

**5. പായസം കൊടുക്കാത്ത യാക്കോബ്**

നാം പലപ്പോഴും ഏശാവിനെ കുറ്റപ്പെടുത്തുന്നത് പായസത്തിനുവേണ്ടി ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കികളഞ്ഞവൻ എന്ന ലേബലിലാണ് (ഉല്പ. 25:34) എന്നാൽ ഏറ്റവും വലിയ ക്രൂരനാണ് യാക്കോബ് എന്ന് ആരും മനസ്സിലാക്കുന്നില്ല. കുടുംബത്തിനുവേണ്ടി വളരെ അദ്ധ്വാനിച്ച് ഒരു ദിവസം ഏശാവ് വളരെ ക്ഷീണിച്ച് വെളിമ്പ്രദേശത്ത് നിന്നു ഭവനത്തിൽ വന്നു. അപ്പോൾ യാക്കോബ് ചുവന്ന പായസം കുടിക്കുന്നതു കണ്ടു. അപ്പോൾ ഏശാവ് യാക്കോബിനു ‘ആ ചുവന്ന പായസം കുറെ എനിക്കു തരേണം, ഞാൻ നന്നാ ക്ഷീണിച്ചിരിക്കുന്നു (ഉല്പ. 25:29–30). അപ്പോൾ യാക്കോബ് ഏശാവിനോട് നിന്റെ ജ്യേഷ്ഠാവകാശം ഇന്നു എനിക്കു വിൽക്കുക എന്നു പറഞ്ഞു. വളരെ ക്ഷീണിച്ചുവരുന്ന വ്യക്തിയോട് ഇങ്ങനെ പറയുന്ന യാക്കോബ് നല്ലവനോ? നമ്മുടെ ഭവനത്തിലെ പിതാവ് കൃഷിയിടങ്ങളിൽ അദ്ധ്വാനിച്ചു ക്ഷീണിച്ചു വരുമ്പോൾ അല്ലെങ്കിൽ മരണകരമായ അവസ്ഥയിൽ കിടക്കുമ്പോൾ കുറച്ചു വെള്ളം തരുവിൻ മക്കളേ എന്നു പറയുമ്പോൾ ഞങ്ങൾക്ക് സ്വത്ത് ഭാഗിച്ചു തന്നാൽ വെള്ളം തരാം എന്നു പറയുന്നതു പോലെയാണ് യാക്കോബിന്റെ പ്രസ്താവന.

ഏശാവ് തന്റെ വിശപ്പ് കാരണം ജ്യേഷ്ഠാവകാശത്തിന്റെ വില അത്ര കാര്യമായി എടുത്തില്ല മാത്രമല്ല ജ്യേഷ്ഠാവകാശത്തിന്റെ വിലയെപ്പറ്റി കാര്യമായ അറിവ് ഇല്ലായിരുന്നു. വെറും ഒരു ജ്യേഷ്ഠന്റെ സ്ഥാനം ഉള്ളു എന്നു ചിന്തിച്ചു (ഉല്പ. 25:32). ആദ്യമായാണ് ഇങ്ങനെയുള്ള ചുവന്ന പായസം ഏശാവ് കാണുന്നത്. അതുകൊണ്ടാണ് ആ ചുവന്ന പായസം എന്നു പറഞ്ഞത്. അതിന്റെ പേര്, അതിലെ ചേരുവകൾ എന്തൊക്കെയാണ് എന്നുപോലും ഏശാവിനു അറിയില്ല. യാക്കോബ് ഈ പായസം മുമ്പ് ഒരു തവണ കുടിച്ചു കാണുമായിരിക്കും. അതുകൊണ്ടാണ് യാക്കോബ് ഏശാവിനു പായസം കൊടുത്തത്. സാധാരണ നമ്മുടെ ഭവനങ്ങളിൽ ഇളയമക്കൾക്ക് ഏതെങ്കിലും മധുരപലഹാരങ്ങൾ കിട്ടിയാൽ മാതാപിതാക്കൾ പറയും മൂത്ത പൈതങ്ങൾക്കും കൊടുക്കുവാൻ, പക്ഷെ അവർ അതിനു തയ്യാറാകുന്നില്ല. അവസാനം അവർ തിന്നു തൃപ്തരാകുമ്പോൾ ബാക്കിയുള്ളവ മറ്റുള്ളവർക്ക് കൊടുക്കും.

നമ്മുടെ ജീവിതത്തിൽ കഷ്ടതകൾ, രോഗങ്ങൾ, ദു:ഖങ്ങൾ വരുമ്പോൾ പലപ്പോഴും ദൈവത്തിലുള്ള ആശ്രയം നഷ്ടമാക്കി മനുഷ്യനെ ആശ്രയിക്കും. ദൈവത്തിന്റെ ഹിതം എന്ത് എന്ന് ചോദിക്കാതെ മനുഷ്യൻ എന്തു പറയുന്നു എന്നു അന്വേഷിച്ചു പോകും. നൊടിനേരത്തേയ്ക്കുള്ള ലഘുകഷ്ടം സഹിച്ചാൽ നിത്യതേജസ്സിൽ കർത്താവുമായി നമുക്ക് വാഴാം.

**6. മാതാവിന്റെ ഒറ്റപെടുത്തൽ**

ഒരു ഭവനത്തിൽ രണ്ട് വേർതിരിവുകൾ കാണാം. അപ്പന് മൂത്തമകനോട് സ്നേഹം എന്നാൽ മാതാവിന് ഇളയമകനോട് സ്നേഹം എന്താണിതിനു കാരണം. മനശാസ്ത്രപരമായി പറഞ്ഞാൽ മാതാവിന് മൂത്തമകനോടും പിതാവിന് ഇളയമകനോടുമാണ് സ്നേഹപ്രകടനം കാണിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ മൂത്തമകൻ ജനിച്ചതുകൊണ്ടാണ് അമ്മയാകാൻ കഴിഞ്ഞത് അല്ലെങ്കിൽ മച്ചിയായി പോയേനേ. എന്നാൽ പിതാവിന് മറ്റുള്ളവർ തന്റെ ഇളയമകനെ ഒറ്റ നോട്ടത്തിൽ നോക്കുമ്പോൾ പിതാവിനു പ്രായം കുറവാണ് എന്ന തോന്നൽ മറ്റുള്ളവരിൽ ഉളവാക്കും. റിബേക്ക ഏശാവിനെ വേണ്ടവിധം സ്നേഹിച്ചില്ല, ദിനവും യാക്കോബിനു ഓരോ രുചികരമായ ഭക്ഷണം ഉണ്ടാക്കികൊടുക്കും. വിശന്നുവന്ന ഏശാവ് യാക്കോബ് ചുവന്ന പായസം കുടിക്കുന്നതുകണ്ട് അവനോട് ചോദിക്കാതെ അടുക്കളയിൽ പോയി റിബേക്കയോട് ചോദിച്ചില്ല. എന്തുകൊണ്ട്? അല്ലെങ്കിൽ എന്തുകൊണ്ട് റിബേക്ക ഏശാവിനുവേണ്ടി പായസം മാറ്റി വച്ചില്ല? മുതിർന്നപ്പോൾ ഏശാവ് തന്നെയാണ് ആഹാരം വെച്ച് കഴിക്കുന്നത് എന്ന് തോന്നിപോകും. (ഉല്പ. 27:31) അല്ലെങ്കിൽ ഏശാവ് ആഹാരം പാകം ചെയ്ത് യിസ്ഹാക്കിനും കൊടുക്കും. അതുപോലെ റിബേക്കയും യാക്കോബും ചേർന്ന് ആഹാരം പാകം ചെയ്തു കഴിക്കും. ചുവന്ന പായസം റിബേക്ക യിസ്ഹാക്കിനു കൊടുത്തതായി കാണുന്നില്ല. രുചികരമായ ഭോജനം ഉണ്ടാക്കുന്നതിനു റിബേക്ക ഏശാവിനെ സഹായിച്ചതായി കാണുന്നില്ല (ഉല്പ. 27:9).

ജ്യേഷ്ഠാവകാശം, അപ്പന്റെ അനുഗ്രഹം, ദൈവസ്നേഹം എന്നിവയെ കുറിച്ചുള്ള അറിവ് റിബേക്ക യാക്കോബിൽ പകർന്നു. എന്നാൽ ഏശാവിനോട് അവൾ പറഞ്ഞില്ല. മാത്രമല്ല അപ്പന്റെ അനുഗ്രഹം തട്ടിയെടുക്കാൻ യാക്കോബ് മടി കാണിച്ചെങ്കിലും, റിബേക്ക വളരെ നിർബന്ധിച്ചു. മാത്രമല്ല ഏശാവും യിസ്ഹാക്കും പറയുന്ന കാര്യം എപ്പോഴും ഒളിച്ചുകേൾക്കുന്ന ഒരു മാതാവാണ് റിബേക്ക. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ശരിയായ പ്രവണതയല്ല ഒളിച്ചുകേൾവി.

ഏതൊരു മനുഷ്യനും സഹിക്കാൻ പറ്റാത്തതാണ് ഉറ്റവരുടെ ഒറ്റപ്പെടുത്തൽ. യേശു, യോസേഫ്, മോശെ, യബ്ബേസ്, ദാവീദ് തുടങ്ങിയവർ നമുക്ക് മാതൃകയാണ്. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? അവൾ മറന്നാലും മറക്കാത്ത ഒരു ദൈവം നമുക്കുവേണ്ടി ജീവിക്കുന്നു. യോസേഫിനെ ഓർത്ത ദൈവം നമ്മെയും ഓർക്കും.

**6. കുടുംബത്തിനു വേണ്ടി അദ്ധ്വാനിക്കുന്ന മൂത്ത പുത്രൻ**

പലപ്പോഴും കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരാണ് മൂത്ത മക്കൾ. ഏശാവ് തന്റെ കുടുംബത്തിനുവേണ്ടി വേട്ടയാടി നടന്നു. പക്ഷെ അതു ആരും മനസ്സിലാക്കിയില്ല. സാധാരണ ഭവനങ്ങളിൽ മൂത്ത പുത്രന്മാർ വിദേശരാജ്യങ്ങളിൽ പോയി, ജോലി തേടി വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച ധനങ്ങൾ തന്റെ ഭവനങ്ങളിലെ ആവശ്യങ്ങൾക്കുവേണ്ടി അയച്ചു കൊടുക്കുന്നു. പുതിയ ഭവനം നിർമിക്കാൻ, തന്റെ സഹോദരിമാരെ വിവാഹംകഴിപ്പിച്ച് അയക്കാൻ, മാതാപിതാക്കളുടെ ആരോഗ്യത്തിന് തുടങ്ങിയവക്ക് ഉപയോഗിക്കുന്നു. തന്റെ നല്ല ജീവിതം മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുന്നു. അവസാനം രോഗങ്ങൾ പിടിച്ചു നാട്ടിൽ വരുമ്പോൾ ആരും സഹായത്തിനു കാണില്ല. ഇതെല്ലാം മൂത്ത സഹോദരന്റെ അല്ലെങ്കിൽ മൂത്ത മകന്റെ കടമയാണ്. ഇനി നിന്റെ ജീവിതം ആരംഭിച്ചു കൊൾക എന്നു ഭവനത്തിലുള്ളവർ പറയും. ആ സമയത്ത് നാട്ടിലുള്ള സഹോദരന്മാരുടെ അവസ്ഥ നല്ല നിലയിൽ എത്തി നിൽക്കുകയായിരിക്കും. പാവം മൂത്ത സഹോദരന് മുമ്പിൽ വീണ്ടും ശൂന്യത നിഴലിച്ചു നിൽക്കും. എല്ലാവരുടേയും വായിൽ നിന്നും പുറപ്പെടുന്നത് ഒരേ സ്വരം മാത്രമായിരിക്കും “അവൻ സമ്പാദിച്ചുകൂട്ടി മതിയാക്കി വന്നതാണ്” എന്ന്.

നമ്മുടെ വിചാരങ്ങൾ അറിയുന്ന ദൈവം നമ്മോടുകൂടെയുണ്ട്. മനുഷ്യൻ പുറമേ നോക്കുന്നു എന്നാൽ ദൈവമോ അകമേ നോക്കുന്നു.

**7. ദൈവവചനത്തിന്റെ ലഭ്യതകുറവ്**

ഏശാവ് വനസഞ്ചാരിയായതുകൊണ്ട് അവന് വേണ്ടത്ര ദൈവത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും അറിവ് ലഭിച്ചില്ല. യിസ്ഹാക്ക് ഒരു യാഗപീഠം പണിതതായി ഉല്പത്തി 26:25 ൽ കാണുന്നു. പക്ഷെ തന്റെ മക്കൾക്ക് യാഗപീഠത്തിന്റെ പ്രാധാന്യത്തെപ്പറ്റി പറഞ്ഞുകൊടുക്കുന്നില്ല. (ഉല്പ. 25:20–27:40). ഏശാവിനു താൻ വിവാഹം കഴിക്കുന്ന ഭാര്യമാർ എങ്ങനെയുള്ളവർ ആയിരിക്കേണം എന്ന ബോധം അവനു ലഭിച്ചില്ല. അവൻ ഹിത്യനായ ഏലോന്റെ മകൾ ബാസമത്തിനെയും തിരഞ്ഞെടുത്തു. ഇവർ യിസഹാക്കിനും റിബേക്കക്കും മനോവ്യസനകാരണമായി തീർന്നു (ഉല്പ. 26:35). പിന്നീട് യിസഹാക്ക് അനുഗ്രഹിച്ചതിനുശേഷം യാക്കോബിനോട് പറഞ്ഞു നീ കനാന്യ സ്ത്രീകളിൽ നിന്നു ഭാര്യമാരെ എടുക്കരുത് (ഉല്പ. 28:1). ഇതറിഞ്ഞ ഏശാവ് തന്റെ അപ്പനു കനാന്യസ്ത്രീകൾ ഇഷ്ടമുള്ളവരല്ല എന്നു അറിഞ്ഞു യിസ്മായേലിന്റെ മകളും നെബായോത്തിന്റെ സഹോദരിയുമായ മഹലത്തിനെയും വിവാഹം കഴിച്ചു (ഉല്പ. 28:9). ഏശാവിന്റെ അറിവില്ലായ്മ കാരണമാണ് കനാന്യസ്ത്രീകളെ ആദ്യം വിവാഹം കഴിച്ചത്. എന്നാൽ രണ്ടാമത് അപ്പനോടുള്ള ദേഷ്യം കാരണമാണ് മഹലത്തിനെ വിവാഹം കഴിച്ചത്.

നമ്മുടെ ക്രിസ്തീയ ജീവിത്തിൽ ദൈവവചനത്തിന്റെ അറിവില്ലായ്മ നമ്മെ തിന്മകളിലേക്ക് നയിക്കും. നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതക്കു പ്രകാശവും ആകുന്നു (സങ്കീ. 119:105).

**8. ക്ഷമിക്കുന്ന ഏശാവ്**

ജ്യേഷ്ഠാവകാശവും അപ്പന്റെ അനുഗ്രഹവും തട്ടിയെടുത്തു ലാബാന്റെ ഭവനത്തിൽ പോയ യാക്കോബ് തിരികെ വരുന്നുവെന്നു കേട്ട് ഏശാവ് നാനൂറ് ആളുകളുമായി യാക്കോബിനെ സ്വീകരിപ്പാൻ പോയി. അവനെ എതിരേറ്റു, ആലിംഗനംചെയ്തു. അവന്റെ കഴുത്തിൽ വീണു അവനെ ചുംബിച്ചു. (ഉല്പ. 33:4). ഏശാവിനെപോലെ ക്ഷമിക്കുന്ന ഒരു മനുഷ്യനെ കണ്ടുകിട്ടുമോ? യാക്കോബുമായി താരതമ്യം ചെയ്യുമ്പോൾ ഏശാവ് എന്തു നല്ല മനുഷ്യനായി കാണാൻ കഴിയുന്നു. യാക്കോബ് സമ്മാനങ്ങൾ കൊടുത്ത് ഏശാവിനെ തന്റെ കൈക്കലാക്കാൻ തീരുമാനിച്ചു. എപ്പോഴും തന്നെ ചതിക്കുന്ന യാക്കോബ് വീണ്ടും തന്നെ ചതിക്കുമോ എന്ന സംശയം ഏശാവിനു ഉടലെടുത്തു. എന്നാൽ അതു പുറമേ പ്രദർശിപ്പിച്ചില്ല. ഏശാവ് വളരെ സ്നേഹത്തോടെ യാക്കോബിനോട് പറഞ്ഞു എനിക്കു വേണ്ടുന്നത് ഉണ്ട്. യാക്കോബ് വളരെ നിർബന്ധിച്ചതുകൊണ്ട് ഏശാവ് അത് വാങ്ങി തന്റെ വഴിക്കു പോയി.

ചില സഹോദരന്മാർ വിദേശരാജ്യങ്ങളിൽ പോയി ധനം സമ്പാദിക്കുമ്പോൾ നാട്ടിലുള്ള സഹോദരന്മാരെ മറന്നുപോകും. അവർ ഒരു സ്നേഹാന്വേഷണമോ, ഒരു സഹായമോ ചെയ്യാറില്ല. അവസാനം അവർ വിദേശത്തു നിന്നു നാട്ടിൽ വരുമ്പോൾ കുറച്ച് മധുരപലഹാരമോ, വസ്ത്രങ്ങളോ, സുഗന്ധവസ്തുക്കളോ നൽകും. അതിനു ശേഷം അതിന്റെ തുകകൾ ഡോളറിന്റെയും, റിയാലിന്റെയും, ദിനാറിന്റെയും പേരിൽ അവതരിപ്പിക്കും. വളരെ കഷ്ടപ്പെട്ടാണ് ഞാൻ ഇതൊക്കെ സമ്പാദിച്ചത് എന്നുകൂടി പറയുമ്പോൾ വാങ്ങേണ്ടിയിരുന്നില്ല എന്നു നാട്ടിലെ സഹോദരന്മാർക്ക് തോന്നിപ്പോകും. നാം ആരുടേയും കൈയ്യിൽ നിന്നും അല്പം സൗജന്യമായി എന്തെങ്കിലും വാങ്ങിയാൽ അതിന്റെ ഇരട്ടിയിലധികം പിന്നീട് തിരികെ കൊടുക്കേണ്ടിവരും.

നമ്മുടെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരുന്നവനാണ്.(ഫിലി. 4:19).

ലോകസ്ഥാപനത്തിനുമുമ്പേ ഏശാവിനേയും യാക്കോബിനേയും ദൈവം കണ്ടു. ദൈവം യാക്കോബിനെ സ്നേഹിച്ചു. നാം ദൈവത്തെ തേടിയതല്ല, നമ്മെ ദൈവം തേടിവന്നതാണ്. ഇന്നത്തെ തലമുറ ദൈവവചനം തള്ളിപറഞ്ഞ് ലോകത്തിന്റെ ഇമ്പങ്ങൾ തേടി പോകുന്നു. നരഭോജികളെ നരസ്നേഹികളാക്കി മാറ്റുന്ന ദൈവവചനം അവരിൽ നമുക്ക് പകരാം. അവരെ നമുക്ക് ദൈവമക്കളാക്കി തീർക്കാൻ ശ്രമിക്കാം.

BSc.Nursing
₹50,000/yr
MSc.Nursing
₹75,000/yr
Post BSc.Nursing
₹30,000/yr
Pharm D
₹90,000/yr
M Pharm
₹75,000/yr
Engineering
₹50,000/yr
M Tech
₹50,000/yr
MBA
₹50,000/yr
Few seats available
Call@9947963438
9847341000

## യാത്രയായവർ

### പാസ്റ്റർ റ്റി.വി.തോമസ് (പാപ്പി)



**എറണാകുളം:** പുതുപ്പള്ളി പയ്യപ്പാടി ചിരട്ടേപ്പറമ്പിൽ തോണ്ടുകണ്ടത്തിൽ പാസ്റ്റർ റ്റി. വി.തോമസ് (പാപ്പി 88) ജൂലൈ 22-ന് ഇളയമകൻ പാസ്റ്റർ റ്റി.റ്റി.ജേക്കബിന്റെ (കുഞ്ഞുപാസ്റ്റർ) വൈറ്റില ചാലിക്കവട്ടത്തുള്ള വസതിയിൽ നിര്യാതനായി. സംസ്ക്കാരം ജൂലൈ 24-ന് കുറിച്ചി പെനിയേൽ സെമിത്തേരിയിൽ നടന്നു. പാസ്റ്റർ എ.എ.ഫിലിപ്പോസ്, എ.ജി.ഉത്തരമേഖല ഡയറക്ടർ പാസ്റ്റർ ജോസ് തോമസ്, പാസ്റ്റർ റ്റി.റ്റി.ജേക്കബ് എന്നിവർ നേതൃത്വം നൽകി. യൗവ്വനപ്രായത്തിൽ യാക്കോബായ സമൂഹത്തിൽ നിന്ന് രക്ഷിക്കപ്പെടുകയും ബ്രദറൺ ഉപദേഷ്ടാവായിരുന്ന ബ്രദർ കെ.ജി. തോമസിന്റെ കൈക്കീഴിൽ സ്നാനപ്പെടുകയും ചെയ്തു. തുടർന്ന് പെന്തെക്കോസ്ത് ഉപദേശത്തിൽ ആകൃഷ്ടനായി ആത്മനിറവ് പ്രാപിച്ച് ആ അനുഭവത്തിൽ ജീവിച്ചു. പുതുപ്പള്ളി, പാമ്പാടി, മീനടം, മണർകാട്, അയർക്കുന്നം തുടങ്ങി പഞ്ചായത്തുകളിൽ വീടുവീടാന്തരം സുവിശേഷം അറിയിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കീച്ചാൽ, വേളൂർ, കുറിച്ചി, ചിങ്ങവനം, കുഴിമറ്റം നട്ടാശ്ശേരി, ഐരാറ്റു നട, പയ്യപ്പാടി എന്നീ സ്ഥലങ്ങളിൽ സഭാശുശ്രൂഷകനായി സേവനം ചെയ്തു. തോട്ടയ്ക്കാട് തണുങ്ങുംപതിക്കൽ പരേതയായ ചിന്നമ്മയാണ് ഭാര്യ. മക്കൾ: പാസ്റ്റർ തോമസ് വർഗീസ്, (ഐ.പി.സി.പത്തനംതിട്ട സെന്റർ വൈസ് പ്രസിഡന്റ്), പാസ്റ്റർ റ്റി.റ്റി. ജേക്കബ് (കുഞ്ഞു പാസ്റ്റർ-എജി.എംഡിസി ഇവാഞ്ചലിസം ടീം ഡയറക്ടർ), പൊന്നമ്മ, കൊച്ചുമോൾ, മരുമക്കൾ: വത്സമ്മ, ബേബി, പാസ്റ്റർ ജോൺസൺ പ്രസാദ് (മലങ്കര ക്രിസ്ത്യൻ ചർച്ച്), ഇവ.കെ.സി.ജോസഫ് (ഒ.എം.ഇന്ത്യാ-തേനി)

### റോസിലിൻ



**കോഴിക്കോട്:** പൂവ്വാട്ടുപറമ്പ്-മേപ്പറമ്പത്ത് ജോറോസിൽ പരേതനായ ജോർജ്ജ് ചാണ്ടിയുടെ ഭാര്യയും കോഴിക്കോട് ദൈവസഭാംഗവുമായ റോസിലിൻ (ഡോട്ടി 79) നിര്യാതയായി. അത്താണിക്കൽ കുടുംബാംഗമാണ്. മക്കൾ: മോളി, നിർമ്മല, ഷൈലു, പ്രഫുല്ല, പ്രമോദ്, പ്രസൂന, സംഗീത. മരുമക്കൾ: പാസ്റ്റർ തോമസ് തോമസ് (ഐ.പി.സി.വയനാട് സെന്റർ ശുശ്രൂഷകൻ), ഫിലിപ്പ് നടയിൽ (പുതുപ്പള്ളി), മൈക്കിൾ ജോൺ (അബുദാബി), തിമോഥി (തൃശൂർ), സിന്ധു, ജോയി

### സിസിലി സാബു



**പുനലൂർ:** യൂണിവേഴ്സൽ ഗോസ്പൽ മിനിസ്ട്രീസ് പ്രസിഡന്റ് പാസ്റ്റർ സാബു തോമസിന്റെ ഭാര്യ സിസിലി സാബു (ലില്ലിക്കുട്ടി-48) ജൂലൈ 22-ന് നിര്യാതയായി. കൃപാവര പ്രാപ്തയായിരുന്നു. പുത്തൻവീട്ടിൽ പരേതനായ തോമസിന്റെ മകളാണ്. സംസ്ക്കാരം പ്ലാച്ചേരി ഹാർവെസ്റ്റ് അസംബ്ലീസ് ഓഫ് ഗോഡ് സെമിത്തേരിയിൽ നടന്നു. പാസ്റ്റർ മാത്യു പോൾ ഇളംമ്പൽ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

### പാസ്റ്റർ മോൻസി പീറ്റർ



**വയനാട്:** വൈത്തിരി എഫ്.ജി.പി.സി.ഐ.യുടെ പ്രവർത്തകനായ പത്തനംതിട്ട മണിമല മേലേമല സ്വദേശി പതാപറമ്പിൽ പാസ്റ്റർ മോൻസി പീറ്റർ (53) ജൂലൈ 21-ന് നിര്യാതനായി. 22 വർഷങ്ങളായി ഉത്തരേന്ത്യയിലും കേരളത്തിന്റെ വിവിധ ജില്ലകളിലും സുവിശേഷകനായിരുന്നു. ഭാര്യ: മറിയാമ്മ, മക്കൾ: അജോ, ജോബിൻ, ജോസ്നാ, സഹോദരങ്ങൾ: ജോൺസ് പീറ്റർ, ബാബു പീറ്റർ

### തോമസ് മാത്യു (സജി)



**ന്യൂയോർക്ക്:** കുറിയന്നൂർ താന്നിക്കപ്പുറത്തൂട്ട് റ്റി.തോമസ് മാത്യുവിന്റെ മകൻ തോമസ് മാത്യു (സജി 52) യു.എസിൽ നിര്യാതനായി. സംസ്ക്കാരം അവിടെ നടത്തി. പ്രസിദ്ധ ക്രൈസ്തവ ഗാന രചയിതാവും സുവിശേഷകനുമായിരുന്ന എം.ഇ. ചെറിയാന്റെ (മധുര) പിതൃസഹോദര പുത്രനാണ്.

## ദമ്പതിമാർ മരണത്തിലും ഒന്നിച്ച്



കീഴ്‌വായ്പ്പൂർ: ഭർത്താവ് മരിച്ച് ഒരു മണിക്കൂറിനുള്ളിൽ ഭാര്യയും മരിച്ചു. കിഴ്‌വായ്പ്പൂർ കീഴൂരിൽ കെ.സി. വർഗീസ് (ബേബി 80), ഭാര്യ പയറ്റുകാലാ കുടുംബാംഗം സാറാമ്മ (തങ്കമ്മ 79) എന്നിവരാണ് മരണത്തിലുംമ ഒന്നിച്ചത്. പാട്നയിൽ എക്സിക്യൂട്ടീവ് എൻജിനിയറായി വിരമിച്ച വർഗീസ് സാറാമ്മക്കൊപ്പം മകൾ അച്ചാമ്മയുടെ മാവേലിക്കര പുതിയകാവ് എബനേസർ വീട്ടിലായിരുന്നു കുറച്ചുനാളായി താമസിച്ചിരുന്നത്. വെള്ളിയാഴ്ച രാവിലെ 11-ന് വർഗീസ് അന്തരിച്ചു. മൃതദേഹം മോർച്ചറിയിലാക്കി വീട്ടുകാർ 12-ന് മടങ്ങിവന്നപ്പോൾ സാറാമ്മയും മരിച്ചു. മക്കൾ: ഡോ.ജേക്കബ് ജോർജ്ജ് (യു.എസ്.എ.), അച്ചാമ്മ ജോർജ്ജ് (അധ്യാപിക, ബിഷപ് മൂർ വിദ്യാ പീഠം, മാവേലിക്കര), മരുമക്കൾ: കോതമംഗലം കാക്കത്തോട്ടത്തിൽ ദീപ, തോമസ് സാമുവേൽ (ഡപ്യൂട്ടി മാനേജർ എസ്.ബി.ഐ.മാവേലിക്കര), സംസ്ക്കാരം 14-ന് കണ്ടിയൂർ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി.

## ഭാരവാഹികൾ

**കോഴിക്കോട്:** ഐ.പി.സി.കോഴിക്കോട് സെന്റർ ഭാരവാഹികളായി പാസ്റ്റർമാരായ ബാബു ഏബ്രഹാം (പ്രസിഡന്റ്), എം.ജെ.കുര്യൻ (വൈസ് പ്രസിഡന്റ്), കെ.വി.ഷിജു (സെക്രട്ടറി), ബ്രദ.ബ്ലസൻ ജോർജ്ജ് (ജോ.സെക്രട്ടറി), റ്റി.എസ്.ജയ്സൺ (ട്രഷറാർ), കമ്മറ്റി അംഗങ്ങളായി പാസ്റ്റർമാരായ പി.എം.റോയ്, സിബി ജോർജ്ജ്, മത്തായി ജോർജ്ജ് സഹോദരന്മാരായ പി.എം.മത്തായി, മാത്യു കെ, സതീഷ് ബാബു, മിഷൻ ഡയറക്ടറായി സുവി.ചാർളി സാം ബാബു എന്നിവരെ തിരഞ്ഞെടുത്തു.

**നേര്യമംഗലം:** ഐ.പി.സി.നേര്യമംഗലം സെന്ററിന്റെ ഭാരവാഹികളായി പാസ്റ്റർ ടി.എ.തമ്പി(പ്രസിഡന്റ്), പാസ്റ്റർ സി.എം.വർഗീസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ.ഒ.മാത്യു (സെക്രട്ടറി), പാസ്റ്റർ സാബു ജോർജ്ജ് (ജോ.സെക്രട്ടറി), ബ്രദ.റജി ഏബ്രഹാം(ട്രഷറാർ), ഇവാ.ജോസ് വർഗീസ് (പബ്ലിസിറ്റി കൺവീനർ എന്നിവരേയും 22 പേരടങ്ങുന്ന കമ്മറ്റിയെയും തിരഞ്ഞെടുത്തു.

**പത്തനാപുരം:** പത്തനാപുരം ഐ.പി.സി.സെന്റർ ഭാരവാഹികളായി പാസ്റ്റർ ഈ.സി.ജോർജ്ജ്(പ്രസിഡന്റ്), പാസ്റ്റർ സാം ജോർജ്ജ് (അസി.സെന്റർ പ്രസിഡന്റ്), പാസ്റ്റർ പി.കെ.ജോൺസൺ(വൈസ് പ്രസിഡന്റ്), പാസ്റ്റർ എസ്.മത്തായിക്കുട്ടി (സെക്രട്ടറി), ബ്രദ.എം.എ.ബേബി (ട്രഷറാർ), ജേക്കബ് ജോൺ (ജോ.സെക്രട്ടറി), പാസ്റ്റർ വി.എൻ.വർഗീസ് (മീഡിയാ) എന്നിവരെ തിരഞ്ഞെടുത്തു.


YOUTH FOR MISSION

യൂത്ത് ഫോർ മിഷൻ -2013
ക്രിസ്തീയ യുവജന സമ്മേളനം
തിരുവല്ല, നവജീവോദയം സെന്ററിൽ
സെപ്റ്റംബർ 16 തിങ്കൾ വൈകിട്ട് 4:00 മുതൽ 19 വ്യാഴം രാവിലെ 10:00 വരെ
"Fly High" Isaiah 40: 31
Rising Above The Ordinary
പങ്കെടുക്കുക... അനുഗ്രഹം പ്രാപിക്കുക....
For more details:
Missions India, Navajeevodayam
Manjadi P.O., Thiruvalla - 689 105
Ph. 0469 2634359
Mob: +919947009737, +919526343488, +919961632392





ആസ്ട്രേലിയ പെർത്ത്
കേരളത്തിൽ നിന്ന് ഉപരിപഠനത്തിനും ജോലിക്കുമായി ആസ്ട്രേലിയായിലെ പെർത്തിൽ വരുന്നവർക്ക് വിശുദ്ധിയിലും വേർപാടിലും സത്യദൈവത്തെ ആരാധിക്കുവാൻ ഒരിടം
സ്ഥലം: 445, CHARLES STREET, NORTH PERTH
ആരാധനാ സമയം: SUNDAY 9.30 TO 12.00
Contact : Pr.Roshan Thomas,
62 Glendale Ave., Hamersley-6022
Western Australia
Phone : +61404399916 +919846636431
www.perthgospelchurch.com mtroshan@yahoo.co.in



ചെന്നൈ മഹാനഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പെന്തെക്കോസ്ത് ചർച്ച്
ഐ.പി.സി.സയോൺ അസംബ്ലി അമിഞ്ചിക്കര
പാസ്റ്റർ ബെന്നി ജോസഫ്, No.14, 3rd St., V.O.C.Colony, Aminjikarai, Chennai-29
സെൻട്രൽ റെയിൽവേസ്റ്റേഷനിൽ നിന്ന് വെറും 7 കിലോമീറ്റർ ദൂരവും കോയമ്പേട് ബസ് സ്റ്റാൻഡിൽ നിന്ന് 1½ കിലോമീറ്റർ ദൂരവും മാത്രം. Near Skywalk.
ആത്മനിറവിലുള്ള പ്രെയ്സ് ആൻഡ് വർഷിപ്പും സത്യ ഉപദേശത്തിനനുസൃതമായ വചന ശുശ്രൂഷയും ഈ സഭയുടെ പ്രത്യേകതയാണ്.
പ്രോഗ്രാമുകൾ
എല്ലാ ഞായറാഴ്ചയും 9 മുതൽ 10 വരെ ഇംഗ്ലീഷ് വർഷിപ്പും 10 മുതൽ 12.30 വരെ മലയാളം വർഷിപ്പും നടന്നു വരുന്നു. കൂടാതെ വെള്ളി, ശനി ദിവസങ്ങളിൽ പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കുന്നതാണ്.
നഴ്സിംഗ്,എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് പ്രത്യേക യാത്രാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.
താങ്കൾ കുടുംബത്തകർച്ചയിൽ കൂടി കടന്നു പോകുന്ന വ്യക്തിയാണോ? ഏതെങ്കിലും മാരകരോഗത്തിന് അടിമയാണോ? നിങ്ങളുടെ കുഞ്ഞുങ്ങൾ വഴി തെറ്റിപ്പോയോ? സാമ്പത്തിക തകർച്ച അനുഭവിക്കുന്നുവോ? നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എന്താണെങ്കിലും ഞങ്ങളെ അറിയിക്കുക. (നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എന്നും രഹസ്യമായിരിക്കും).
നിങ്ങൾക്ക് കൗൺസലിംഗ് ആവശ്യമാണോ? ശരിയായ രീതിയിൽ ദൈവവചനം പഠിക്കുവാൻ താങ്കൾ ആഗ്രഹിക്കുന്നുവോ? ഞങ്ങളുമായി വേഗത്തിൽ ബന്ധപ്പെടുക.
Contact No.098841 87841, 094440 16350



വീട്ടമ്മമാർക്ക് ഒരു സന്തോഷവാർത്ത
വൃത്തിയുള്ള അടുക്കള
വെടിപ്പുള്ള ഭവനം
CLEAN & BRIGHT
LIQUID SOAP
KOTTAYAM - 686521
കഴിഞ്ഞ ഒൻപതു വർഷങ്ങളായി ഉപഭോക്താക്കളിൽ നൂറു ശതമാനം ജനസമ്മിതി നേടിയിട്ടുള്ളതും ഒരിക്കൽ ഉപയോഗിച്ചവർ വീണ്ടും വീണ്ടും ചോദിച്ചു വാങ്ങുന്നതും ലോകോത്തര ഗുണനിലവാരം പുലർത്തുന്നതും അലർജി നിമിത്തം യാതൊരുസോപ്പുല്പന്നങ്ങളും ഉപയോഗിക്കുവാൻ പാടില്ലാത്തവർ തിരഞ്ഞെടുക്കുന്നതുമായ ക്ലീൻ ആന്റ് ബ്രൈറ്റ് സോപ്പ് ലിക്വിഡ് അയൽവീടുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. ഉയർന്ന കമ്മീഷൻ നൽകുന്നു. ഗുണത്തിൽ മെച്ചം വിലയിൽ തുച്ഛം.






ശുശ്രൂഷകന്മാരുടെ ശ്രദ്ധക്ക്: സഭകളിൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന സഹോദരീസഹോദരന്മാർക്കു വേണ്ടി ധൈര്യമായി ശുപാർശ ചെയ്യാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക് :9495509822

